# കർമ്മെല കുസുമം

പുസ്തകം ൧൭)   ൧൯൧൭ നവംബർ   (ലക്കം ൧൧.


## പരിത്രാതാവിൻെറ ആഗമനം.

സകല ജാതികളുടെയും മുമ്പാകെ നീ തയാറാക്കിയ നിൻെറ പരിത്രാണത്തെ ഞാൻ കണ്ടു. (ലൂക്കാ. ൨. ൩൦)

വിഗ്രഹാരാധനയുടെയും അബദ്ധബോധത്തിൻെറയും ഇരുളിനെ നിക്കുവാൻ മനുഷ്യശക്തിക്കു സാദ്ധ്യമില്ലാതായി. വേദസംബന്ധമായ സത്യങ്ങളെ യഥായോഗ്യം അറിയുന്നതിനു സ്വഭാവത്തിനു മേലെപ്പെട്ട ഒരു ശക്തിയുടെ സഹായം കൂടിയേകഴിയൂ എന്നു സൎവ്വസമ്മതമായിത്തീൎന്നു. പറുദീസായുടെ പ്രവേശനത്തിങ്കൽ വച്ചറിഞ്ഞിരുന്ന ഒരു സത്യം എങ്ങിനെയെങ്കിലും അവർ വിസ്മരിച്ചുകളഞ്ഞില്ല. പ്രമാണലംഘനാനന്തരം, മനുഷ്യവൎഗ്ഗത്തിനു ഒരു രക്ഷകൻ ഉണ്ടാകും എന്ന ഉടമ്പടി എല്ലാവരുടെയും ബോധത്തിൽ പതിഞ്ഞിരുന്നു. മ്ശിഹായിക്കു രണ്ടായിരം വൎഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന യാക്കോബ് പരിത്രാതാവിനെ ഉദ്ദേശിച്ചു പ്രവചിക്കയുണ്ടായി. അബ്രാഹത്തിൻെറ സഹജീവിയായ യോബ് എന്ന മഹാത്മാവു വിവിധങ്ങളായ അനൎത്ഥങ്ങളുടെ മദ്ധ്യേ രക്ഷിതാവിനെക്കുറിച്ചുള്ള ഓൎമ്മയിൽ മാത്രം ആശ്വാസം കണ്ടെത്തിയിരുന്നു. യൂദജനം പ്രത്യക്ഷപ്പെടുന്നതിനു വളരെക്കാലംമുമ്പു തന്നെ പുറജാതികളുടെ ഇടയിൽ രക്ഷിതാവിനെക്കുറിച്ചുള്ള ധാരണ ശക്തിയായിട്ടുണ്ടായിരുന്നു. അവർ ഏജിപ്തിൽനിന്നു പലസ്തീനായിലേക്കു പോകുന്ന വഴിമദ്ധ്യേ അവരെ ശപിക്കുന്നതിനു അജ്ഞാനിയായ ബാലാം ദീൎഘദൎശി അയയ്ക്കപ്പെട്ടപ്പോൾ അയാൾ അവരെ ശപിക്കുന്നതിനുപകരം അനുഗ്രഹിച്ചുകൊണ്ടു രക്ഷിതാവിനെ അസ്പഷ്ടമാക്കി ഇപ്രകാരം പറകയുണ്ടായി. "ഞാൻ അയാളെ കാണും; എന്നാൽ ഇപ്പോൾ അല്ല ഞാൻ അയാളെ ദൎശിക്കും; എന്നാൽ അയാൾ സമീപെയല്ല." പരിത്രാതാവിനെക്കുറിച്ചുള്ള ധാരണ ഇതരജാതികളിൽ ശക്തിപ്പെടുന്നതിനു യൂദജനം ഒരു കരുവായി തീൎന്നിട്ടുണ്ട്. അവരെ സംബന്ധിച്ചതെല്ലാം മനുഷ്യവൎഗ്ഗം പ്രതീക്ഷിച്ചിരുന്ന രക്ഷകനെ ചൂണ്ടിക്കാണിച്ചിരുന്നു. അവിടുന്നു വഴിയായിട്ടല്ലാതെ അവരുടെ വേദകൎമ്മങ്ങളും, ബലികളും, രാജ്യനടപടികളും, അവരുടെ ചരിത്രവും അൎത്ഥമുള്ളവയാകുന്നില്ല. എന്നാൽ ദൈവവിചാരണനിമിത്തം അവർ തങ്ങളുടെ ഉദ്യോഗത്തെ യഥായോഗ്യം നിറവേററിയിരിക്കുന്നു. അവൎക്കു ഒരേപാനവും ഒരേതന്ത്രവും, ഒരേ ഉദ്ദേശവും മാത്രം ഉണ്ടായിരുന്നു. പട്ടണങ്ങളുടെ നാഥയെന്നു പറയപ്പെട്ടിരുന്ന ഓർശ്ലേം നഗരിയെക്കൂടെയും മിശിഹാ അങ്ങേ രാജ്യത്തെ പ്രചരിപ്പിപ്പാനിരിക്കുന്നു എന്നതുകൊണ്ടുമാത്രം അവർ കാൎയ്യമായി മതിച്ചിരുന്നു. അവിടേയ്ക്കുമാത്രമാണ് അവരുടെ ദീൎഘശ്വാസത്തിൽ അവരുടെ കണ്ണുകളെ തിരിച്ചതു. ഇതിനെനോക്കിക്കൊണ്ടുമാത്രമാണു അവർ പ്രലാപസ്വരത്തെ പുറ

പ്പെടുവിച്ചിട്ടുള്ളതു്. അവർ അടിമകളായി പിടിക്കപ്പെട്ടാലും, അവരുടെ പട്ടണവും അവരുടെ ഭവനങ്ങളും തകർക്കപ്പെട്ടാലും, അവരുടെ ആരാധനാസ്ഥലങ്ങൾ ദഹിപ്പിക്കപ്പെട്ടാലും, വരുവാനിരിക്കുന്നവനിലുള്ള ശരണം അവരുടെ ഹൃദയത്തിൽനിന്നു മായിച്ചുകളവാൻ പാടില്ലായിരുന്നു. രണ്ടായിരം വർഷക്കാലത്തോളം ഇപ്രകാരമുള്ള പ്രതീക്ഷ അവരിൽ നിലനിന്നിരുന്നു എന്നോർക്കുമ്പോൾ ദൈവപരിപാലന ഇതിൽ ഉണ്ടെന്നു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. യൂദന്മാരിൽനിന്നു അവരുടെ സമീപസ്ഥരിലേയ്ക്കും അവരിൽനിന്നു കാലക്രമേണ ലോകമെങ്ങും മ്ശിഹായിലുള്ള പ്രതീക്ഷ പടർന്നുപിടിച്ചു. യൂദന്മാരുടെയും ഇതരജാതിക്കാരുടെയും ഇടയിൽ ഇപ്രകാരമുള്ള പ്രതീക്ഷ ഉണ്ടായിരുന്നു എന്നുള്ളതിനു വേദാഗമവും അജ്ഞാനഗ്രന്ഥകർത്താക്കൾ കൂടെയും സാക്ഷികളാകുന്നു. യോഹന്നാൻ മാംദാനാ പലസ്തീനായിൽ പ്രത്യക്ഷനായി തപസ്സുചെയ്യുന്നതിനും കർത്താവിന്റെ വഴികളെ ഒരുക്കുന്നതിനും ഉപദേശിച്ചു. ജനങ്ങൾ കൂട്ടം കൂട്ടമായി അയാളുടെ പക്കൽ വന്നിരുന്നു. പക്ഷെ അയാൾ തന്നെയോ മ്ശിഹാ എന്നു സംശയിച്ചും ഇരുന്നു. അയാളെ മിശിഹായായി കരുതി എങ്കിൽ മ്ശിഹായെക്കുറിച്ചുള്ള പ്രതീക്ഷ ജനങ്ങളുടെ ഇടയിൽ ശക്തിയായിട്ടുണ്ടായിരിക്കണം. അവരുടെ പ്രതിപുരുഷന്മാർപോയി "നീ തന്നെയോ വരുവാനിരിക്കുന്നവൻ. അതോ വേറൊരുവനെ ഞങ്ങൾ പ്രതീക്ഷിച്ചിരിക്കണമോ" എന്നു യോഹന്നാനോടു ചോദിക്കയുണ്ടായി. (മത്തായി ൧൧. ൨, ൩.) നമ്മുടെ കർത്താവു വനത്തിൽവച്ചു അവർക്കു വൃഷ്ടിയായ ഭക്ഷണം കൊടുത്തപ്പോൾ 'സത്യമായിട്ടുലോകത്തിലേയ്ക്കു വരുവാനിരിക്കുന്ന ദീർഘദർശി ഈയാൾ ആകുന്നു' എന്നു നിലവിളിച്ചുപറഞ്ഞു. മ്ശിഹാ വരും എന്നു എനിക്കറിയാം. എന്നുസമറായക്കാരി സ്ത്രീ മ്ശിഹായോടു ഉണർത്തിച്ചു. അറിയിപ്പിൻപ്രകാരം മ്ശിഹാ വരും എന്നുള്ള ധാരണ യൂദന്മാരുടെ ഇടയിൽ ഇല്ലായിരുന്നു എങ്കിൽ ഇപ്രകാരമൊക്കെ സംഭവിക്കയില്ലായിരുന്നു.

പുറജാതിക്കാരെ സംബന്ധിച്ചു കൂടെയും പ്രസ്തുത വിഷയത്തിൽ ദൈവപരിപാലന അതിശയിക്കത്തക്കതുതന്നെ. ഏകദൈവത്തിലുള്ള വിശ്വാസത്തെ പാലിക്കുന്നതിനും രക്ഷകന്റെ വരവിനു ലോകത്തെ ഒരുക്കുന്നതിനും യൂദജനത്തെ തെരഞ്ഞെടുത്തതുപോലെ ദാനിയേലിന്റെ ദീർഘദർശനം നിറവേറുവാൻ വേണ്ടി സകല ജാതികളേയും ഒരു മഹാരാജ്യമായി കൂട്ടി വാഴുന്നതിനു റോമ്മാക്കാരെ തിരഞ്ഞെടുത്തു. ബാബെൽ ഗോപുരപണിയുടെ നാൾമുതൽ മനുഷ്യർ തമ്മിൽ യോജിപ്പില്ലാതായി എന്നാൽ രക്ഷയുടെ സമയം അടുത്തപ്പോൾ സകല ജാതികൾക്കും രക്ഷയുടെ ഫലം ഒരുപോലെ സിദ്ധിക്കുന്നതിനുവേണ്ടി സകലരേയും ഒന്നായി ചേർത്തു ഒരു സാമ്രാജ്യമാക്കി അതിനും പുറമെ റോമ്മാഭാഷയായ ലത്തീൻ ലോകത്തിന്റെ നാനാഭാഗങ്ങളിലും അറിയപ്പെട്ടിരുന്നതുകൊണ്ടു യോജിപ്പിനു സഹായമായിത്തീർന്നു ഇത്ര ഗംഭീരമായ പരിവർത്തനത്താൽ രക്ഷിതാവിന്റെ വരവിനു എല്ലാം ഒരുങ്ങിയിരുന്നു. ഏശയ്യാനവ്യാ അറിയിച്ചിരുന്നതുപോലെ ദൈവമഹിമയും അദ്ദേഹത്തിരുവചനവും ഏപ്രകാരം പ്രത്യക്ഷപ്പെട്ടു എന്നു സകലരും കാണുകയും കേൾക്കയും ചെയ്യാമായിരുന്നു. യോഹന്നാൻ പ്രസംഗിച്ചിരുന്ന കാലത്തു റോമ്മാക്കാർ ശക്തിപെട്ടിരുന്നു എങ്കിലും അവർ അയാളെ തടയാതെ അയാളുടെ ഉദ്യോഗം നടത്തുന്നതിനു സഹായിച്ചതേ ഉള്ളു. അതുകൊണ്ടു അയാളുടെ സ്വരം ഉയർത്തി ജനങ്ങളോടു ഇപ്രകാരം പ്രസംഗിച്ചു. "കർത്താവിന്റെ വഴികളെ നിങ്ങൾ ഒരുക്കുവിൻ അദ്ദേഹത്തിന്റെ ഊടുവഴികളെ ചൊവ്വാക്കുവിൻ." സ്വഭാവത്തിനു മേൽപ്പെട്ട ഒരു ശക്തി അവരെ നടത്തിയിരുന്നു എന്നു റോമ്മാക്കാർക്കു തോന്നിയിരുന്നു. സെനെറ്റു സംഘത്തിൽ വച്ചു വിശ്രുതപ്രാസംഗികനായ സിസെറൊ ഒരിക്കൽ പറഞ്ഞതു ഇതിനനുസരണമായിട്ടായിരുന്നു. സുവിശേഷം ഈ സത്യത്തെ ഒന്നു കൂടി ഉറപ്പിക്കുന്നതേയുള്ളു. അതിൽനിന്നു നാം അറിയുന്നതുപോലെ അഗസ്തോസ് ചക്രവർത്തി അദ്ദേഹത്തിന്റെ പ്രജകളു

ടെ സംഖ്യ എടുക്കണം എന്നു ഭരണകർത്താക്കൾക്കെല്ലാം കല്പന കൊടുത്തു. യൂദജനങ്ങളും ഈ കല്പനയാൽ ബാധിക്കപ്പെട്ടിരുന്നു. യൌസേപ്പും മറിയവും ബെത്ലഹം പട്ടണത്തിലേയ്ക്കുപോയി. രക്ഷിതാവു ബെത്ലഹമ്മിൽനിന്നുത്ഭവിക്കും എന്ന ദീർഘദർശനം നിറവേറുകയും ചെയ്തു.

അക്കാലത്തു യൂദന്മാരും പുറജാതിക്കാരും ഒരുപോലെ രക്ഷിതാവിന്റെ ആഗമനത്തെ പാർത്തിരിക്കയായിരുന്നു. കിഴക്കുനിന്നുവന്ന മൂന്നു രാജാക്കൾ ഈ വിഷയത്തിൽ വിസ്മയോല്പ്രത്യക്ഷസാക്ഷികളായിരിക്കുന്നു. “ഈയിടെ ജാതനായ യൂദന്മാരുടെ രാജാവു എവിടെയാകുന്നു” എന്നത്രെ അവർ ചോദിച്ചിരുന്നതു്. ഞങ്ങൾ അയാളുടെ നക്ഷത്രത്തെക്കണ്ടു? “ഏറെത്താമസിയാതെ ഞാൻ എല്ലാജാതിക്കാരേയും ഇളക്കും.” എന്നുള്ള അഗ്ഗെവൂസിന്റെ ദീർഘദർശനം ഈ ഘട്ടത്തിൽ സഫലമായി. രക്ഷിതാവിന്റെ ആഗമനം ഏകദേശം അടുത്തുവന്നതിനോടെ യൂദന്മാരും പുറജാതിക്കാരും കേവലം നികൃഷ്ടാവസ്ഥയിലായിരുന്നു. റോമ്മാക്കാരാൽ കീഴടക്കപ്പെട്ടു എങ്കിലും അവരുടെ ക്രൂരമായ നുകത്തിൻകീഴിൽ ദുഷ്ടതയും അരിഷ്ടതയും കുഴപ്പവും വർദ്ധിച്ചുവന്നതേയുള്ളു. ജനങ്ങൾക്കെല്ലാം ഒരു രക്ഷകന്റെ ആവശ്യകത ശക്തിയായി തോന്നിയിരുന്നു. പ്രമാണത്തെ ലംഘിച്ചുകൊണ്ടു സ്വാഭിപ്രായപ്രകാരം ഐശ്വര്യത്തെ അന്വേഷിക്കയാൽ അവരുടെ ആഗ്രഹങ്ങൾക്കു മനുഷ്യരെ ദൈവം കയ്യേൽപ്പിച്ചുകൊടുത്തു. ദൈവത്തെ നിഷേധിച്ചു സ്വാഭിപ്രായപ്രകാരം നടന്ന മനുഷ്യൻ മൃഗസമമായിത്തീർന്നു അതിശയമല്ല. സ്രഷ്ടങ്ങൾ സ്രഷ്ടാവെന്നു ഗണിപ്പാൻ തക്കവണ്ണം ഹീനനായിത്തീർന്ന മനുഷ്യന്നു ദൈവത്തെ അറിവാനുള്ള യഥാർത്ഥമാർഗ്ഗം കണ്ടുപിടിപ്പാൻ വശമില്ലെന്നു സമ്മതിച്ചേമതിയാവൂ. ഇത്ര ശോചനീയാവസ്ഥയിൽനിന്നു സ്വതന്ത്രൻ ആകുവാൻ അവന്നു അത്യഗ്രഹമുണ്ടാകാതിരിക്കുമോ? ഈ ഘട്ടത്തിൽ ഒരു പരിത്രാതാവിനെ ആശിക്കാനെ തരമുള്ളൂ. ഇപ്രകാരമുള്ള ആശ എങ്ങും ശക്തിപ്പെട്ടിരുന്ന കാലത്തു ദൈവം തന്റെ ഏകപുത്രനെ യാത്രയാക്കുകയും, അവിടുന്നു അധർമ്മത്തിന്റെയും വിഗ്രഹാരാധനയുടെയും ഇരുളിനെ നീക്കി യഥാർത്ഥമാർഗ്ഗമായ ക്രിസ്തുമതത്തെ സ്ഥാപിക്കയും ചെയ്തു. തന്റെ ആഗമനമാകട്ടെ തന്റെ മാർഗ്ഗമാകട്ടെ രഹസ്യമായിട്ടുള്ളതല്ല. താൻ പ്രസിദ്ധമായി വന്നു, പ്രസിദ്ധമായി തന്റെ മാർഗ്ഗത്തെ സ്ഥാപിച്ചു. “സകല ജാതികളുടെയുംമുമ്പാകെ നീ തയാറാക്കിയ നിന്റെ പരിത്രാണത്തെ ഞാൻ കണ്ടു”. (ലൂക്കാ ൨. ൩൦.)

ഠമ൭ . ൨ . ഥ

## പ്രതിവർഷം സംഭവിക്കുന്ന ഒരത്ഭുതം.

ഇത്താല്യായിൽ ബെനവെന്തോ എന്ന രൂപതയുടെ മെത്രാനായിരുന്ന വിശുദ്ധ യനുവാരിയോസ് സത്യവേദത്തിന്റെ കൊടിയ വിരോധി ആയിരുന്ന ദിയക്ലെസ്യാനോസ് ചക്രവർത്തിയുടെ ക്രൂരമായ ഭരണകാലത്തു ൩൦൫-ൽ വേദസാക്ഷിയായി മരിച്ചു. ഇദ്ദേഹത്തിന്റെ തല വെട്ടപ്പെടുകയിൽ ധാരാളമായി പ്രവഹിച്ചിരുന്ന രക്തത്തിൽ നിന്നു വിശ്വാസികൾ കുറെ എടുത്തു ശേഖരിക്കുകയുണ്ടായി. രണ്ടു പളുങ്കു പാത്രങ്ങളിൽ പൂജ്യമായി സൂക്ഷിക്കപ്പെടുന്ന ഈ രക്തം ഇപ്പോൾ നെയാപ്പോളി പട്ടണത്തിലെ പ്രധാന ദേവാലയത്തിലത്രെ ഇരിക്കുന്നതു്. ഈ ദേവാലയത്തിൽതന്നെ ഈ വിശ്രുത വേദസാക്ഷിയുടെ തലയും വെള്ളികൊണ്ടുള്ള ഒരു വലിയ ‘അരുളിക്ക’യിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടു്. പളുങ്കു പാത്രങ്ങളിൽ കട്ടയായി ഉറച്ചിരിക്കുന്ന ചോര ഈ തലയുടെ അടുക്കൽ കൊണ്ടുചെന്നുവച്ചാൽ ഉടനെ ഉരുകി പുത്തനായി ചിന്തിയ ചുവന്ന ചോരപോലെ തിളച്ചുവരുന്നതു കാണാം. സകലർക്കും പ്രത്യക്ഷമായി കാണാവുന്ന ഈ വലിയ അത്ഭുതം ആണ്ടിൽ മൂന്നു അവസരങ്ങളിൽ സംഭവിക്കുന്നു. വിശുദ്ധ യനുവാരിയോസ്

വേദസാക്ഷിയായി മരിച്ച സെപ്തംബർ മാസം ൧൯-ാംനു- തിരുനാൾ ദിവസത്തിലും, ബെനവെന്തോ പട്ടണത്തിൽ നിന്നു യനുവാരിയോസിന്റെ സ്വദേശമായ നെയാപ്പോളി പട്ടണത്തിലേക്കു ശരീരം മാററപ്പെട്ട ദിവസമായ മെയ് മാസം ൧-ാംനു-യിലും, നെയാപ്പോളി പട്ടണത്തിന്റെ പൊതുമദ്ധ്യസ്ഥനായ ഈ മഹാവേദസാക്ഷിയുടെ മാദ്ധ്യസ്ഥത്തിരുനാൾ കൊണ്ടാടപ്പെടുന്ന ഡിസംബർ മാസം ൧൬-ാംനു-യിലും ഈ വലിയ അത്ഭുതം സംഭവിക്കുന്നതു സന്ദർശിപ്പാൻ മനസ്സുള്ള ഏവക്കും കാണാവുന്നതാണ്. ക്രിസ്താബ്ദം മൂന്നാംനൂററാണ്ടു മുതൽ നമ്മുടെ ഈ കാലംവരെ നടന്നുവരുന്ന ഈ വലിയ അത്ഭുതം വിശുദ്ധ യനുവാരിയോസ് അനുസരിച്ചു മരിച്ച കത്തോലിക്കാ സത്യസഭയുടെ ദൈവിക സ്ഥാപനത്തെ ഇന്നും വിളിച്ചുപറയുന്നു. പിൻകാലങ്ങളിൽ ഉണ്ടായ പതിതമതങ്ങളേയും ശീശ്മക്കക്ഷികളേയും തിരസ്കരിക്കയും ചെയ്യുന്നു. ഇതിനാൽ ഈ വലിയ അത്ഭുതം കണ്ട പല പതിതർ മാനസാന്തരപ്പെട്ടു കത്തോലിക്കാ തിരുസഭയിൽ ചേർന്നിട്ടുണ്ട്. കീർത്തിപ്പെട്ട ചരിത്രകാരനായ ജെറോം ഹർത്തർ എന്ന മഹാൻ പ്രോട്ടെസ്റ്റാണ്ടുമതം ഉപേക്ഷിച്ചു കത്തോലിക്കാ തിരുസഭയിൽ ചേർന്നതു ഈ മഹാ അത്ഭുതം കണ്ടശേഷമത്രെ. ഇപ്രകാരം പല പതിതക്കും അവിശ്വാസികൾക്കും സംഭവിച്ചിട്ടുണ്ട്.

൩൱൫-ാമാണ്ടു ചിന്തിയ രക്തം ഇന്നു ചിന്തിയ ചോരപോലെ ഉരുകിത്തിളച്ചുവരുന്നതു ദൈവവല്ലഭത്താലൊ അതല്ല പ്രകൃതിയുടെ ഏതെങ്കിലും ശക്തിവൈശിഷ്ട്യത്താലൊ എന്നു കത്തോലിക്കരും അകത്തോലിക്കരുമായ പല ഡാക്ടർമാർ സൂക്ഷ്മപരിശോധന കഴിച്ചശേഷം ദൈവവല്ലഭത്താൽ സംഭവിക്കുന്നതാണെന്നു സമ്മതിക്കേണ്ടിവന്നിരിക്കുന്നു.

കർദിനാൾ ബറോണി മുതലായ മഹാശാസ്ത്രികൾ പറയുംപ്രകാരം വി. യനുവാരിയോസിന്റെ ഈ അത്ഭുതം ഒടുക്കത്തെ ദിവസത്തിൽ സംഭവിപ്പാനിരിക്കുന്ന മരിച്ചവരുടെ ഉയിർപ്പു എന്ന വലിയ സംഭവത്തിന്റെ ഒരൊരുക്കമെന്നൊ ഒരു സൂചനമെന്നൊ ഗണിക്കേണ്ടിയിരിക്കുന്നു. മരിച്ചവരുടെ ഉയിർപ്പിൽ ശരീരഭാഗങ്ങളൊക്കെയും ഒന്നിച്ചു ചേർന്നു പൂർവ്വസ്ഥിതിയിൽ ആകുമെന്നതുപോലെ, ഈ രക്തം തലയോടും ഉടലോടും ഒന്നിച്ചുചേർന്നു പൂർവ്വസ്ഥിതിയിലാകുവാൻ കാംക്ഷിച്ചുകൊണ്ടു ഉയിർപ്പിന്റെ നാഴികയെ പ്രതീക്ഷിച്ചിരിക്കുന്നതുപോലെ കാണപ്പെടുന്നു. ആകയാൽ ൧൬൦൦ കൊല്ലത്തിനു മുമ്പു ചിന്തപ്പെട്ടതും കട്ടയായി ഉറച്ചിരിക്കുന്നതുമായ ഈ രക്തം വിസ്മയകരമായ വിധത്തിൽ ഉരുകുന്നതും തിളക്കുന്നതും മരിച്ചവരുടെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്ന ഒരു സംഭവമായി പരിഗണിക്കപ്പെടാവുന്നതാണ്.

[illegible]

## വി. പത്രീസ്സിയുടെ ജീവചരിത്രം.

(തുടർച്ച.)

വി. പത്രീസ്സി, മീത്തു് പ്രദേശം വിട്ടു നേരെ വടക്കോട്ടു തിരിച്ച് ഇപ്പോൾ സ്റ്ററാംഗ്ഫോർഡ്, എന്നു പറയുന്ന കുവാൻ തടാകംവരെ ചെന്നു. ആ നാട്ടിലെ പ്രഭു പലേപ്രകാരത്തിൽ ഭംഗിയേറിയ ഈ തടാകത്തിന്റെ തീരത്തു വസിച്ചിരുന്ന "ഡിക്കൊ" എന്ന ഒരാളായിരുന്നു. പത്രീസ്സിയുടെ വരവു അയാൾക്ക് അശേഷം ഇഷ്ടമായില്ല. ഇതിനാൽ വിശുദ്ധനെ കണ്ട മാത്രയിൽ രണ്ടു പട്ടികളെ അദ്ദേഹത്തിന്റെ നേക്കു അയക്കയാണ് ചെയ്തതു്. എന്നാൽ പത്രീസ്സി കുരിശടയാളം വരച്ചു അവയെ നിന്നനിലയിൽ നിറുത്തി. ഇതു കണ്ട് ഡിക്കോ, പത്രീസ്സിയെ വെട്ടുന്നതിന്നായി വാൾ ഊരിയെങ്കിലും പത്രീസ്സി വീണ്ടും കുരിശടയാളം വരച്ചുകൊണ്ടു അയാളുടെ വലത്തുകൈ സ്വാധീനമില്ലാതെയാക്കി. ഇത്ര വലിയ അത്ഭുതം കണ്ടതിനോടെ ഡിക്കോ സത്യവിശ്വാസം സ്വീകരിച്ചു ജ്ഞാനസ്നാനപ്പെട്ടു. അൾസ്റ്റർ പ്രദേശത്തു ആദ്യ

മായി ജ്ഞാനസ്സ്നാനം കൈക്കൊണ്ടയാൾ ഇദ്ദേഹമാണ്. ഢിക്കോ, ഒട്ടധികം സ്ഥലം ദാനമായി ഈ വിശുദ്ധന്നു കൊടുത്തു. അവിടെ ഉണ്ടായിരുന്ന ഒരു കളപ്പുരയെ നമ്മുടെ പുണ്യവാൻ ഒരു ദേവാലയമാക്കിത്തീർത്ത് അതിൽ ദിവ്യപൂജ അൎപ്പിക്കുകയും പലപ്പോഴും വേദം പഠിപ്പിക്കുകയും ചെയ്തിരുന്നു. സാവോൾ എന്നു വിളിക്കപ്പെട്ടിരുന്ന ഈ സ്ഥലത്തെ ഐറീഷ്ക്കാർ ഒരു തീൎത്ഥസ്ഥലമായി കരുതിപ്പോന്നു.

ഈ ഘട്ടത്തിൽ തന്റെ പഴയ യജമാനനായ മിൽക്കോയെ പോയി കാണണമെന്നു ഒരു മഹാ ആശ പത്രീസ്സിയുടെ മനസ്സിൽ ഉത്ഭവിച്ചു. മില്ക്കോ മഹാ ക്രൂരനെന്നു നമ്മുടെ വിശുദ്ധൻ അറിഞ്ഞിരുന്നെങ്കിലും തന്റെ ദിവ്യ രക്ഷിതാവിനെ അനുകരിച്ചുകൊണ്ടു നഷ്ടപ്പെട്ട ആടിനെ തെരയുന്നതിന്നായി പുറപ്പെട്ടു. മില്ക്കോ വലിയ അൎത്ഥാഗ്രഹി ആയിരുന്നതുകൊണ്ടു സ്വൎണ്ണവും, വെള്ളിയും കൊണ്ടുള്ള കാഴ്ചകളാൽ അവന്റെ ഹൃദയത്തെ മാൎദ്ദവമാക്കാമെന്നു പത്രീസ്സി കരുതി കുറെ പൊൻ, വെള്ളി സാമാനങ്ങൾ മില്ക്കോയിക്കു കാഴ്ചയായി സമൎപ്പിക്കുന്നതിന്നു എടുത്തിട്ടുണ്ടായിരുന്നു. എന്നാൽ പത്രീസ്സിയുടെ ആഗമനത്തെപ്പറ്റി മില്ക്കോ കേട്ടയുടൻ കോപാക്രാന്തനായി പഴയ അടിമയായിരുന്ന ഈ ആളോടു സംസാരിക്കയാകട്ടെ, എഴുത്തുകുത്തുനടത്തുകയാകട്ടെ ചെയ്കയില്ലെന്നു നിശ്ചയിച്ചിരുന്നു. ഈ ഉദ്ദേശ്യത്തോടെ തന്റെ സ്വത്തു മുഴുവനും ഒന്നായി കൂട്ടി അതിന്നു തീവെക്കയും കത്തുന്ന ജ്വാലകളുടെ മദ്ധ്യേ ചാടി ആത്മഹത്യചെയ്കയുമാണുണ്ടായത്. അകലെവച്ചു തന്നെ പത്രീസ്സി തീജ്വാലകൾ കണ്ടു. മില്ക്കോയുടെ പ്രവൃത്തിയെക്കുറിച്ചു തനിക്കറിവുണ്ടായിരുന്നതിനാൽ അവനെക്കുറിച്ചു പ്രലപിച്ചിരുന്നു. മില്ക്കോയുടെ ഇരുപുത്രിമാരും ജ്ഞാനസ്നാനം കൈക്കൊണ്ടു സുകൃത ജീവിതം നയിച്ച് ഭാഗ്യമരണം പ്രാപിച്ചു.

൪൩൩-ൽ പത്രീസ്സി അൾസ്റ്ററിൽ നിന്നു തെക്കോട്ടു യാത്രചെയ്തു മീത്ത് പ്രദേശത്തുള്ള സ്ലേയിൻ എന്ന സ്ഥലംവരെ എത്തി. പരിശുദ്ധ വാരത്തിലാണ് അവിടെ ചെന്നത്. ദിവ്യരക്ഷകന്റെ ഉയൎപ്പുതിരുനാൾ താറായിൽവച്ചു ആഘോഷിക്കണമെന്നായിരുന്നു പത്രീസ്സിന്റെ വിചാരം. താറാ ഭംഗിയേറിയ ഒരു കുന്നാണ്. ഇവിടെനിന്നു നോക്കിയാൽ അയർലാണ്ടിലെ ഏറ്റവും ആനന്ദകരമായ പ്രദേശങ്ങളെ കാണാം. ആർഡിഗ്ഗസ് നാട്ടുവാഴികൾ തങ്ങളുടെ വാസത്തിനായി രാജകൊട്ടാരം പണിയിച്ചിട്ടുള്ളതും ഇവിടെ തന്നെ. അയർലാണ്ടിലെ വിഗ്രഹാരാധന പത്രീസ്സി നിൎമ്മൂലമാക്കിയതും പ്രധാനമായി ഇവിടെവെച്ചാണ്. ഇതിനാൽ ഐറിഷ്ക്കാൎക്ക് "താറാ„ ഏററവും വാത്സല്യമുള്ള ഒരു സ്ഥലമായി തീൎന്നു. ഈ ഉദ്ദേശത്തോടെ താറായിക്കു സമീപമുള്ള മെയിബ്രീ എന്ന സ്ഥലത്തേക്കു പുറപ്പെട്ടു അവിടെ പുനരുത്ഥാനാഘോഷാഗ്നി കത്തിച്ചു. ആർഡിഗ്ഗ് എന്ന പ്രഭു ഈ തീ കണ്ടതിനോടെ മഹാ കുപിതനായി. എന്തുകൊണ്ടെന്നാൽ ആ ദിവസങ്ങളിൽ പൂശാരികൾ ഒരുത്സവംകൊണ്ടാടിയിരുന്നാൽ താറായിൽ അവരുടെ തീ എരിയുന്നതിന്നു മുമ്പായി അയർലാണ്ടിൽ ഒരിടത്തും തീ കത്തിച്ചുകൂടാ എന്നൊരു ചട്ടമുണ്ടായിരുന്നുവത്രെ. ആ തീ കത്തിച്ചതു ആരാണു എന്നു രാജാവു തിരക്കുകയിൽ "ഞങ്ങൾക്കറിവില്ല„ മാത്രമല്ല "ഇന്നു രാത്രി ആ തീ കെടുത്തുകയില്ലെങ്കിൽ എന്നും എരിഞ്ഞുകൊണ്ടിരിക്കും" എന്നത്രെ ആ പൂശാരികൾ മറുപടി പറഞ്ഞതു്. അപ്പോൾ നാം തന്നെ പോയി ആ തീ കത്തിച്ചതാരെന്നു നോക്കാം" എന്നു രാജാവു പറഞ്ഞു്, കുതിരകളേയും വാഹനവും തയ്യാറാക്കി പ്രസ്തുത സ്ഥലത്തേക്കു തന്നെകൊണ്ടുപോകുന്നതിന്നു് തേരാളിക്കു കല്പനകൊടുത്തു. എന്നാൽ വഴിയിൽവച്ചു പൂശാരികൾ രാജാവിനെ തടഞ്ഞു്, തീ കത്തുന്ന സ്ഥലത്തേക്കു പോകരുതെന്നും തീ കത്തിച്ചവനെ തിരുമുമ്പിൽ വരുത്തുകയാണു് വേണ്ടതെന്നും അറിവിച്ചു. അപ്രകാരം രാജാവു അനുസരിച്ചു പത്രീസ്സിയെ തന്റെ മുമ്പാകെ വരുത്തി.

അനന്തരം നമ്മുടെ വിശുദ്ധനും ലുക്രു എന്ന ഡ്രൂയിഡ് പൂജകനും തമ്മി

ൽ ഒരു കേമമായ വാദപ്രതിവാദം നടത്തി. വിഗ്രഹാരാധന സത്യവിശ്വാസത്തോടു ചെയ്ത അവസാനപോരാട്ടമായിരുന്നു ഇതു്. "അത്ഭുതങ്ങളെ പ്രവൎത്തിക്കുന്നതിനു കൂടുതൽ ശക്തി ആൎക്കാണെന്നു തെളിവാകുന്നതുവരെ നമുക്കു ഒന്നു മത്സരിച്ചുനോക്കാം. ആകാശത്തോളം ഉയരുന്നതിന്നു് എനിക്കു കഴിയും" എന്നു് ഡ്റൂയിഡ് പറഞ്ഞു. വാസ്തവത്തിൽ അവൻ മേല്പോട്ടു തന്നത്താൻ പൊങ്ങി. പക്ഷെ പത്രീസ്സ് ദൈവത്തോടു പ്രാൎത്ഥിച്ചയുടൻ പൂജകൻ താഴെവീണു മൃതിപ്പെട്ടു. ഇതുകണ്ടു രാജാവും പ്രഭുക്കളും പത്രീസ്സിയെ വെട്ടിക്കൊല്ലുന്നതിനായി പാഞ്ഞുവന്നു. എന്നാൽ പത്രീസ്സ് ദൈവത്തോടു പ്രാൎത്ഥിക്കയാൽ സ്ഥലത്തു ഒരു ഭയങ്കരമായ കൊടുങ്കാറ്റുണ്ടാകയും അവിശ്വാസികൾ വാളൂരി പരസ്പരം ഏറ്റു് അമ്പതു പേരോളം വാളിന്നിരയായിത്തീരുകയും ചെയ്തു. എങ്കിലും രാജ്ഞിയും ഏരിക്ക് എന്നു പേരായ ഒരു ഗായകനും മാനസാന്തരപ്പെട്ടു് ജ്ഞാനസ്നാനം സ്വീകരിച്ചു.

പത്രീച്ചി പിറ്റേദിവസം തന്റെ പക്കൽ വരുന്നതിന്നായി രാജാവു് ഒരു ക്ഷണക്കത്തയച്ചു. പത്രീച്ചി അതിന്നു വിസമ്മതം കാണിച്ചില്ല. ആ ദിവസം അയർലണ്ടിൽ അത്യാഡംബരമായി കൊണ്ടാടപ്പെടുന്ന പുനരുത്ഥാന ഞായർ ആയിരുന്നു. വിശുദ്ധൻ രാജകൊട്ടാരത്തിലേക്കു യാത്രചെയ്തിരുന്ന സമയം മുഴവനും ഒരു പ്രത്യേക ജപം ചൊല്ലിക്കൊണ്ടിരുന്നു. ഒരു പകയാളിയും വഞ്ചകനുമായിരുന്ന രാജാവു് പത്രീച്ചിയെ കൊലപ്പെടുത്തുന്നതിനായി ഏതാനും ഭടന്മാരെ ഏൎപ്പെടുത്താതിരുന്നില്ല. എങ്കിലും ദൈവത്തിൻ പത്രീച്ചിയെ താങ്ങിയിരുന്നതിനാൽ ഒരു അത്ഭുത സംഭവത്താൽ അപകടം നേരിട്ടില്ല. എങ്ങനെയെന്നാൽ, കൂട്ടുകാരോടുകൂടി വിശുദ്ധൻ വരുന്നതു പടയാളികൾ കണ്ടപ്പോൾ മനുഷ്യരല്ല ഒമ്പതു മാൻപിടകൾ ഒരു മാൻകുട്ടി ഒരുമിച്ചു വരുന്നതായിട്ടാണു് അവൎക്കു തോന്നിയതു്. വിശുദ്ധൻ തിരുമുമ്പിൽ ചെന്നപ്പോൾ രാജാവു ഭക്ഷണം കഴിക്കുകയായിരുന്നു. രാജാവു് അദ്ദേഹത്തോടു സ്വാഗതം പറയുന്നതിന്നായി എഴുന്നീറ്റില്ല എന്നു മാത്രമല്ല ആരും അപ്രകാരം ചെയ്യരുതെന്നുകൂടെ മുടക്കിയിരുന്നു. എന്നാൽ ഈ കല്പനയെ ഗണ്യമാക്കാതെ പ്രധാന ഗായകന്മാരായ ഡുബാക്കും, പിയാക്കും എന്നു പേരായ ഇരു യുവാക്കന്മാർ എഴുന്നീറ്റു വിശുദ്ധനെ ഉപചാരപൂൎവ്വം സ്വീകരിച്ചു. ഏറെത്താമസിയാതെ ഇവരിരുവരും സത്യവിശ്വാസികളാവുകയും ചെയ്തു.

പത്രീച്ചിയെ കൊലപ്പെടുത്തുന്നതിന്നായി ഡ്റൂയിഡ് പൂശാരികളുടെ വേറൊരു ശ്രമം വിഷം കലൎത്തി പാനീയ ദ്രവ്യങ്ങൾ അദ്ദേഹത്തിന്നു കൊടുക്കാൻ ശ്രമിച്ചതാകുന്നു പക്ഷെ വിശുദ്ധൻ പാനപാത്രത്തിന്മേൽ കുരിശടയാളം വരച്ച ഉടനെ അതു പിളൎന്നു ദ്രാവകം മുഴവനും മേശപ്പുറത്തും നിലത്തുമായി വീണുപോയി. അനന്തരം വേറൊരു പൂജകൻ അത്ഭുതങ്ങൾ പ്രവൎത്തിക്കുന്നതിൽ മത്സരിക്കുന്നതിന്നു പത്രീച്ചിയെ പോരിന്നു വിളിച്ചു. ഇപ്രകാരം ചെയ്തതു സത്യം ആരുടെ വശത്താണെന്നു് അറിവാൻ വേണ്ടിയായിരുന്നു. വിശുദ്ധൻ ഉടനെ സമ്മതിച്ചു. "നിങ്ങളുടെ പുസ്തകങ്ങളെ വെള്ളത്തിൽ എറിയുവിൻ, ആരുടെ പുസ്തകം നനയാതിരിക്കുമോ സത്യം അവന്റെ പക്കലാണെന്നു തീൎച്ചപ്പെടുത്താം" എന്നു രാജാവിങ്ങനാട്ടുണൎത്തിച്ചു. അപ്പോൾ "ഈ പരീക്ഷ എനിക്കു സമ്മതമല്ല രാജാവെ, അതെന്തെന്നാൽ പത്രീച്ചിയുടെ ദൈവം വെള്ളത്തിന്റെ ദൈവമാണെന്നു് അങ്ങുന്നറിയണം" എന്നു് ആ പൂജകൻ ഉടനെ പറഞ്ഞു. "കൊള്ളാം നിങ്ങളുടെ പുസ്തകങ്ങളെ എന്നാൽ അഗ്നിയിലിടുക" എന്നു രാജാവു വീണ്ടും കല്പിച്ചു. "ഇതും എനിക്കു് ഒട്ടും ഇഷ്ടമല്ല" എന്നാണു് ആ പൂശാരി പറഞ്ഞതു്. അപ്പോൾ പത്രീച്ചി പറഞ്ഞതിപ്രകാരമാണു്: "എന്നാൽ നമുക്കു് ഈവിധം പ്രവൃത്തിക്കാം. പകുതിഭാഗം പച്ചമരംകൊണ്ടും മറ്റെ പകുതി ഉണക്കമരംകൊണ്ടും നമുക്കു് ഒരു വീടു പണിയാം. എന്റെ പൂജാവസ്ത്രം അണിഞ്ഞു ലുക്കാറ്റ് പച്ചമരംകൊണ്ടു പണിതീൎത്തിരിക്കുന്ന ഭാഗത്തും ഈ ഡ്റൂയിഡിന്റെ വസ്ത്രം ധരിച്ചു ബാ

ലനായ ബെനിഞ്ഞൂസ് ഉണക്കമരംകൊണ്ടുണ്ടാക്കപ്പെട്ട ഭാഗത്തും ചെന്നിരിക്കട്ടെ. അപ്പോൾ നമുക്കു വീടിന്നു തീ വെക്കാം. അഗ്നിക്കിരയാകാതെ രക്ഷപെടുന്നവനാരോ അവൻെറ ഭാഗത്താണു സത്യം എന്നും നമുക്കു തീർമ്മാനിക്കാം." "കൊള്ളാം അങ്ങിനെയാകട്ടെ" എന്നു ഡ്റൂയിഡ് സമ്മതിച്ചു. വീട്ടു പണിയുന്നതിന്നു വേലക്കാൎക്കു രാജാവുത്തരവു കൊടുത്തു. താമസംകൂടാതെ വീട്ടുപണി തീൎന്നതിനാൽ ലൂക്കാററ് പച്ചയായിരുന്ന ഭാഗത്തേക്കും, വെനീഞ്ഞൂസ് ഉണക്കഭാഗത്തേക്കും കടന്നു. കാൎയ്യത്തിൻെറ അവസാനം കാണ്മാൻ ആഗ്രഹിച്ചുകൊണ്ട് അനേക പുരുഷാരം ഭയന്നു നോക്കി നിന്നിരുന്നു. വീടിന്നു തീ വെച്ചിട്ടു അധികതാമസംകൂടാതെ മുഴുവനും അഗ്നിജ്വാലകളാൽ മൂടപ്പെട്ടു. ഈ സമയം പത്രീച്ച് പ്രാൎത്ഥിച്ചുകൊണ്ടിരുന്നിരുന്നു. അഗ്നിപടലങ്ങൾ പൂജാവസ്ത്രത്തിന്നു യാതൊരു കേടും വരുത്താതെ ലൂക്കാററിനെ ദഹിപ്പിക്കയും, ഡ്റൂയിഡിൻെറ വസ്ത്രം മുഴുവനും കത്തിയിട്ടും ബെനീഞ്ഞൂസിനെ യാതൊരുപദ്രവവും കൂടാതെ കാക്കയുമാണുണ്ടായത്. രാജാവും ജനങ്ങളും ഇതുകണ്ട് കോപാന്ധരായി പത്രീച്ചിയെ വധിക്കുന്നതിന്നായി വേറൊരുപായവുംകൂടി നോക്കാതിരുന്നില്ല. എന്നാൽ പത്രീച്ചി തൻെറ പതിവുംപ്രകാരം ഉച്ചസ്വരത്തിൽ ദൈവസഹായം അപേക്ഷിച്ചതിനാൽ അജ്ഞാനികളുടെ ഉപദ്രവത്തിൽനിന്നു ദൈവം അയാളെ സംരക്ഷിച്ചു. എങ്ങിനെയെന്നാൽ, അവരുടെ കാൽപ്പാദത്തിന്നു താഴെ ഭൂമി പിളൎന്ന് അനേകംപേർ അതിൽ വീണു മരിച്ചു. ഈ കാൎയ്യത്താൽ ഭയാക്രാന്തനായ രാജാവു പത്രീച്ചിയുടെ പാദത്തുങ്കൽ വന്നു സാഷ്ടാംഗനമസ്കാരം ചെയ്യുകയും ഭ്രമിച്ചുനിന്നിരുന്ന ജനങ്ങളിൽ ഭൂരിപക്ഷവും പത്രീച്ചിയുടെ കാൽക്കൽവീണു ക്ഷമായാചനം ചെയ്യുകയും അനേകായിരം പേർ മാനസാന്തരപ്പെടുകയും ചെയ്തു.

(തുടരും)

[illegible]

## വിശുദ്ധ കുൎബ്ബാന.

വിശുദ്ധ കുർബ്ബാനയുടെ വിസ്മയനീയമായ ശക്തിയെ ദൃഷ്ടാന്തപ്പെടുത്തുന്ന ഒരു സംഭവം വിശുദ്ധ ഗ്രീഗോരിയോസു പാപ്പാ എഴുതിയിരിക്കുന്നതു് വായനക്കാരുടെ അറിവിനായി ഇവിടെ ചേൎക്കുന്നതു് സമയോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഒരിക്കൽ അജ്ഞാനികൾ ഒരു ക്രിസ്ത്യാനിയെ പിടിച്ച് ദൂരദേശത്തു കൊണ്ടുപോയി കാരാഗൃഹത്തിലിട്ടിരുന്നു. വ്യസനാബ്ധിയിൽ നിമഗ്നയായ അവൻെറ ഭാൎയ്യ ഭൎത്താവിൻെറ പിന്തിരിവിനെ പ്രതീക്ഷിച്ചു വളരെനാൾ കാത്തിരുന്നാറെ, ഒടുവിൽ നിരാശപ്പെട്ട് അവൻ മരിച്ചുപോയിരിക്കണമെന്നു തന്നെ തീൎച്ചയാക്കി. മാത്രമല്ല, അവൻെറ ആത്മാവിനു നിത്യസമാധാനം ലഭിക്കുന്നതിനായി പ്രതിവാരം ഒരു നിശ്ചിതദിവസം ഓരോ കുൎബ്ബാന ചൊല്ലിക്കുന്നതിനു ഏൎപ്പാടുചെയ്യുകയുമുണ്ടായി. ഇങ്ങനെ അനേകം സംവത്സരങ്ങൾ കഴിഞ്ഞശേഷം അവളുടെ ഭൎത്താവു പാറാവിൽനിന്നും മോചനംപ്രാപിച്ച്, തൻെറ പ്രിയ പത്നിയെ വന്നു കാണുന്നതിനും തൻെറ പരദേശജീവിതത്തിലും കാരാഗൃഹത്തിലുംവച്ച് അനുഭവിച്ചിരുന്ന ദുഃഖാരിഷ്ടതകളെയും പീഡകളെയും പറഞ്ഞറിയിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചു. ആ വിവരണത്തിൽ ഒരത്ഭുതസംഭവംകൂടി പറഞ്ഞു. എന്തെന്നാൽ ആഴ്ചതോറും ഒരു നിശ്ചിതദിവസം തന്നെ ബന്ധിച്ചിരുന്ന ചങ്ങലകൾ സ്വയമേ അഴിഞ്ഞുപോവുകയും അതേസമയം തന്നെ ഏററവും മധുരമായ ഒരാശ്വാസവും വലുതായ സഹനശക്തിയും ദൈവചിന്തയോടു പരിപൂൎണ്ണമായ യോജ്യതയും തൻെറ ഹൃദയത്തിൽ ഉദിക്കുകയും ചെയ്തിരുന്നു. ഇതുകേട്ടു ആശ്ചൎയ്യ പരതന്ത്രയായിത്തീൎന്ന ഭാൎയ്യ ആഴ്ചയിൽ ഏതു ദിവസമാണ് ഇപ്രകാരം സംഭവിച്ചതെന്നു ചോദിച്ചാറെ, അവനുവേണ്ടി വിശുദ്ധകുൎബ്ബാന ചൊല്ലിച്ചിരുന്ന ദിവസമാണെന്നു ഗ്രഹിച്ചതുകൊണ്ട് വിശുദ്ധകുൎബ്ബാനയുടെ നേൎക്കുള്ള അവരുടെ ഭക്തിവിശ്വാസം അത്യധികമായി വൎദ്ധിക്കുന്നതിനിട

യായി. വിശുദ്ധ കുർബ്ബാനയിൽ അർപ്പിക്കപ്പെടുന്ന ദിവ്യ ചെമ്മരിയാട്ടിൻകുട്ടി തന്നെയാണ് ആ സാധുവിന്റെ ചങ്ങലകളെ പൊട്ടിച്ച് അവനെ സ്വതന്ത്രനാക്കിയത്. എന്നാൽ സ്വദേശത്തുനിന്നും സ്വകുടുംബത്തിൽനിന്നും സ്വന്ത ബന്ധുമിത്രാദികളുടെയിടയിൽനിന്നും ബഹിഷ്കൃതരായി അഗ്നിമയമായ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട എത്രകോടി ആത്മാവുകളാണ് ശുദ്ധീകരണസ്ഥലത്തിൽകിടക്കുന്നത്? ആകയാൽ നാം ഈ മാസത്തിൽ ഈ ആത്മാവുകളുടെ ആനുകൂല്യത്തിനായി പാട്ടുപോലെ വിശുദ്ധ കുർബ്ബാനയെ കണ്ടും കൈക്കൊണ്ടും ചൊല്ലിച്ചുംകൊണ്ട് അവരുടെ ചങ്ങല വെട്ടി അവരെ സ്വർഗ്ഗീയ രാജ്യത്തിൽ ചേർക്കുന്നതിനു പ്രത്യേകം ശ്രമിക്കേണ്ടിയിരിക്കുന്നു.

ഫാ൦ .2 .ഫ

## കത്തോലിക്കാ ഉപദേശത്തിന്റെ ഒരു വിവരണം

### ഒന്നാം അദ്ധ്യായം.

### ദൈവവും തന്റെ പൂർണ്ണതകളും.

ഒരു ദൈവമേയുള്ളു. അവിടുന്നു സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും സർവ്വശക്തനും, അശരീരിയും, അസൃഷ്ടനും ആകുന്നു. ദൈവം സ്വയമേ ജീവിക്കുന്നവനും വിശുദ്ധത, ശക്തി, ജ്ഞാനം, നീതി, കരുണ എന്നീ തന്റെ ഗുണങ്ങളിലും പൂർണ്ണതകളിലും അന്തമില്ലാത്തവനും ആകുന്നു. അവിടുന്നു ഭൂതകാലങ്ങളിൽ എന്നുമുണ്ടായിരുന്നു; ഇപ്പോഴുമുണ്ട്; ഇനി എന്നന്നേക്കുമുണ്ടായിരിക്കയും ചെയ്യും. അവിടുന്നു സർവ്വത്ര സന്നിഹിതനായിരിക്കുന്നു; എല്ലാ സംഗതികളേയും അറിയുകയും കാണുകയും ചെയ്യുന്നു. നമ്മുടെ ഏറ്റവും രഹസ്യങ്ങളായ വിചാരങ്ങളേയും അറിയുന്നു. സകല ജീവികളും ദൈവത്തിൽനിന്നുൽഭവിച്ചു ജീവിക്കുന്നു.

### രണ്ടാം അദ്ധ്യായം.

### പരിശുദ്ധതമ ത്രിത്വം.

ഈ ദൈവം നമുക്കു വെളിവാക്കിത്തന്നിട്ടുള്ള ദുർജ്ഞേയമായ (ഗ്രഹണശക്തിക്കെത്താത്ത) ഒരു രഹസ്യമാകുന്നു. പിതാവു, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നാളുകൾ ഏക ദൈവത്തിൽ ഉണ്ടെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഓരോരുത്തരും മറ്റേ ആളുകളിൽനിന്നു ഭേദപ്പെട്ടും, എങ്കിലും നിത്യതയിലും, ശക്തിയിലും, അപരിമേയത്വത്തിലും, മറ്റെല്ലാ പൂർണ്ണതകളിലും തുല്യമായും ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ മൂന്നാളുകൾക്കും ഒരേ ദിവ്യപ്രകൃതിയോ സത്വമോ (Essence) ആണു ഉള്ളത്.

ഒരു ദൈവമേയുള്ളുവെന്നും, എങ്കിലും മൂന്നു ദൈവം ഉണ്ടെന്നും പറയുന്നതും, അല്ലെങ്കിൽ ഒരാളെ ഉള്ളുവെന്നും, എങ്കിലും മൂന്ന് ആളുകൾ ഉണ്ടെന്നും പറയുന്നതും പൂർവ്വാപരവിരുദ്ധമായിരിക്കും. എന്നാൽ ദൈവം പ്രകൃതിയിൽ (essence) ഒന്നെന്നും ആളിൽ മൂന്നെന്നും പറയുന്നതിൽ അങ്ങനെയുള്ള വിരുദ്ധമുണ്ടായിരിക്കയില്ല. ഒരു വസ്തു ഒരവസ്ഥയിൽ ഒന്നായിട്ടും വേറൊരു അവസ്ഥയിൽ മൂന്നായിട്ടും ഇരിക്കാവുന്നതാണ്. ഉദാഹരണമായി മനുഷ്യാത്മാവു ഒന്നാകുന്നു; എങ്കിലും ഗ്രഹണം,, ഓർമ്മ, മനസ്സ് എന്നിങ്ങനെയുള്ള ശക്തികളിൽ അതു മൂന്നായി തീർന്നിരിക്കുന്നു. അപ്രകാരംതന്നെ മനുഷ്യൻ ഒരേ ജീവിയായിരിക്കുന്നു; എങ്കിലും സുബോധായുസ്സ്, മൃഗായുസ്സ്, സസ്യായുസ്സ് എന്നിങ്ങനെ മൂന്നുവക ആയുസ്സുവനുണ്ടായിരിക്കുന്നു.

എത്രയും ഭാഗ്യപ്പെട്ട ത്രിത്വത്തെപ്പോലെയുള്ള ഒരു വിഷയത്തിൽ സാദൃശ്യങ്ങൾ അവശ്യം അപൂർണ്ണങ്ങളാകുന്നു. അതു ഗ്രഹണശക്തിക്ക് അപ്പുറമുള്ളതും ഭൂമിയിൽ വണക്കത്തോടെ വിശ്വസിക്കപ്പെടേണ്ടതും സ്വർഗ്ഗത്തിൽ വെച്ചുമാത്രം പൂർണ്ണമായി മനസ്സിലാക്കപ്പെടാവുന്നതും ആയ ഒരു മഹാരഹസ്യമാണ്.

മൂന്നാളുകളിൽ ഓരോത്തരും ദൈവമാകുന്നതെങ്ങനെയെന്നും പിന്നെയും ഒരു ദൈവം മാത്രമുള്ളതെങ്ങനെയെന്നും നമുക്കു മനസ്സിലാക്കാൻ ശേഷിപോരാ. നമുക്കു വിവരിക്കുന്നതിനൊ മനസ്സിലാക്കുന്നതിനൊ നിവൃത്തിയുള്ളവയല്ലാത്ത യഥാർത്ഥങ്ങളായ അനേകസംഗതികൾ പ്രകൃതിയിൽ ഉണ്ടെന്നുള്ളതു ഓർമ്മയിൽ ഇരിക്കേണ്ടതാണ്. സാകാരവസ്തുക്കളിൽ അന്തർഭൂതമായ സത്വ (Substance) ത്തിന്റെ സ്വഭാവം, ആകർഷണശക്തിയുടെ കാരണം, അയസ്കാന്തത്തിന്റെ ആകർഷ

ണം, വൈദ്യുത ശക്തിയുടെ വിസ്മയകരമായ വേഗവും ശക്തിയും എന്നിതുകൾ മേല്പറഞ്ഞതിന്നു ഉദാഹരണങ്ങളായി പറയാവുന്നതാണ്. ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നു കണ്ടുപിടിക്കുന്നതിനോ തെളിയിക്കുന്നതിനോ മനുഷ്യബുദ്ധിക്കു സ്വയം ശക്തിയില്ല. എങ്കിലും, വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ഈ സത്യം സുബോധന്യായത്തിന് വിപരീതമായിട്ടുള്ളതല്ലെന്നുമാത്രമല്ല, അതു് അതിനോടു യോജിച്ചിരിക്കുന്നതായി തെളിയിക്കപ്പെടാവുന്നതാണ്. എന്തുകൊണ്ടെന്നാൽ, ദൈവം അനന്തമായ പൂർണ്ണതയോടുകൂടിയ ഒരു ജീവി ആകയാൽ, താൻ സ്വയമായി തന്നെത്തന്നെയും, തന്നിൽ സകലത്തേയും അറിയേണ്ടതാകുന്നു. ഇതിന്നായി ദൈവം തന്നിൽ ഒരുവാക്കിനേയൊ, രൂപത്തേയൊ സങ്കല്പിക്കേണ്ടതും ഈ വിധത്തിൽ തന്നെപ്പററിയുള്ള ജ്ഞാനം ഉണ്ടാകുന്നതും ആകുന്നു.

നാം ഒരു വസ്തുവിന്റെ മനസ്സിലാക്കുമ്പോൾ അതിനേപ്പററി നമ്മുടെ ബോധത്തിലുണ്ടാകുന്ന വാക്കോ രൂപമോ അതിൽ സ്ഥിതിചെയ്യുന്ന ഒന്നല്ല. അതു് ആകസ്മികവും ക്ഷണവിനാശകവും ആകകൊണ്ട് അതിനെ ആൾ എന്നു പറഞ്ഞുകൂടാ. പക്ഷേ, ആകസ്മികമായി, യാതൊന്നുമില്ലെന്ന് നമ്മുടെ ന്യായബുദ്ധി (Reason) യാൽ സമ്മതിക്കപ്പെട്ടിരിക്കുന്ന ദൈവത്തിൽ നിത്യമായ ഈ സ്വയം ധാരണയൊ വാക്കൊ, ആകസ്മികമോ ക്ഷണവിനാശകമൊ അല്ല. പിന്നെയൊ ദിവ്യസ്വഭാവത്തോടു അനുരൂപമെങ്കിലും പിതാവിൽനിന്ന് സ്പഷ്ടമായി വ്യത്യാസപ്പെട്ട ആളാകുന്നു. സർവ്വബോധജ്ഞനായ പിതാവ്, തന്നെത്തന്നെ 'മനസ്സിലാക്കുന്നതുകൊണ്ട് തന്റെ വചനത്തെ (വാക്കിനെ) ജനിപ്പിക്കുന്നു. ഈ വചനം ഒരു പ്രത്യേകജീവി (Subsistence) അല്ലെങ്കിൽ ആൾ ആകുന്നു. എന്തുകൊണ്ടെന്നാൽ, സ്വഭാവത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നു എങ്കിലും, പിതാവിനാൽ ജനിപ്പിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് താൻ പിതാവിൽനിന്നു പൂർണ്ണവ്യത്യാസത്തോടുകൂടിയ ഒരാളാകുന്നു. താൻ വേറെയുള്ളതും ഭേദപ്പെട്ടതും അനന്യപ്രദാനകരവും ആയ ആയുസ്സിനെ, (Subsistenec) തനിക്കായിക്കൊണ്ട് തന്നെത്താൻ നിർമ്മിക്കുന്നു. ഒരു യഥാർത്ഥ ദിവ്യപുരുഷനിർമ്മാണത്തിന് ഇതൊക്കെ മതിയാകുന്നതും ആകുന്നു. ഈ ആളെ വേദപുസ്തകത്തിൽ വചനം അല്ലെങ്കിൽ ദൈവപുത്രൻ എന്ന് വിളിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, "ആൾ" എന്നു പറയുന്നതുകൊണ്ട് പ്രത്യേകവും വിശേഷബുദ്ധിയുള്ളതും ആയ ഒരു വസ്തുവെന്ന് മനസ്സിലാകുന്നു.

പിന്നേയും ദൈവംതന്നെത്താൻ പുത്രനിൽ സ്നേഹിക്കയും പകരം പുത്രനാൽ സ്നേഹിക്കപ്പെടുകയും തന്നിൽതന്നെ മറെറല്ലാവസ്തുക്കളേയും സ്നേഹിക്കയും ചെയ്യുന്നു. നിത്യവും സ്ഥിരവും ആയ ഈ അന്യോന്യസ്നേഹ പ്രവൃത്തി, നമ്മിലുള്ള ഒരു സ്നേഹപ്രവൃത്തിപോലെ, ആകസ്മികവും ക്ഷണഭംഗുരവുമായതല്ല. ഇതു് ദിവ്യസ്വഭാവത്തോടനുരൂപവും നിത്യവും, സ്ഥിരവും, ജീവകരവും, പ്രത്യേകവും, അനന്യപ്രദാനകരവും, പിതാവിൽനിന്നും പുത്രനിൽ നിന്നും തീരെ വ്യത്യാസപ്പെട്ടതും ആയ ഒരു വസ്തുവാകുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും ഈ ദിവ്യസ്നേഹം പുറപ്പെടുന്നതുകൊണ്ടു, ഇതു് ഒരു പ്രത്യേക ആളാകുന്നു ഈ ആളെ വിശുദ്ധ പുസ്തകം പരിശുദ്ധാത്മാവ് (റൂഹാദക്കുദശാ) എന്നു വിളിക്കുന്നു.

അതുകൊണ്ട്, ഒരു ദൈവത്തിൽ മൂന്നാളുകൾ ഉണ്ടെന്നു പറയുന്നതിൽ ഒരു ദൈവത്തെ മൂന്നു പ്രത്യേക വിധത്തിൽ വിചാരിക്കേണ്ടതു് ആവശ്യമാണെന്ന് പറയുന്നതുപോലെയാകുന്നു. ഇതു് സുബുദ്ധിക്ക് (ന്യായത്തിന്) വിപരീതമായിരിക്കുന്നില്ല. ഒന്നാമതു് ദൈവം തന്നെത്താൻ അറിയുന്ന അവസ്ഥയിൽ അതായതു് അറിവിന്റെ ഒരു കർത്താവായിട്ട്. രണ്ടാമതു ദൈവം തന്നെത്താൻ അറിയപ്പെടുന്ന അവസ്ഥയിൽ അതായതു അറിവിന്റെ ഒരു വിഷയ (കർമ്മ) മായിട്ട്. മൂന്നാമതു ദൈവം തന്നെത്താൻ സ്നേഹിക്കയും തന്നാൽ സ്നേഹിക്കപ്പെടുകയും, അറിയുകയും അറിയപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ, അതായതു അന്യോന്യ സ്നേഹത്തിനുള്ള ഒരു വിഷയ (object) മായിട്ടു. പ്രധാനവും സ്വയജീവികവും നിത്യവും ആയ ഈ വ്യത്യാസങ്ങളോ ചേർച്ചകളോ ആണു, ഒരു ദൈവത്തിൽ യഥാർത്ഥത്തിൽ മൂന്നു പ്രത്യേക ആളുകൾ ഉണ്ടാകാനുള്ള ഹേതുക്കൾ.

## മൂന്നാം അദ്ധ്യായം.

### ജന്മപാപം.

ജന്മപാപവും കർമ്മപാപവും തമ്മിലുള്ള

വ്യത്യാസം ഇതാകുന്നു. കർമ്മപാപം എന്നതു നമ്മുടെ സ്വമനസ്സാൽ പ്രവർത്തിക്കുന്ന പാപവും ജന്മപാപമെന്നതു നമ്മുടെ മനുഷ്യസ്വഭാവം ആദത്തിന്റെ മനസ്സോടുകൂടിചെയ്ത പാപവുമാകുന്നു. ആദത്തിൽ നാമെല്ലാരുടേയും സകല മനുഷ്യസ്വഭാവവും ഉൾപ്പെട്ടിരുന്നു. ഒരു കൊമ്പ് വേരിനോടെന്നപോലെയും ഒരു കുഞ്ഞു മാതാപിതാക്കന്മാരോടെന്നപോലെയും നമ്മുടെ മനുഷ്യസ്വഭാവം ആദത്തിനോടു യോജിക്കപ്പെട്ടിരുന്നു. ഇതു ആദത്തിൽനിന്നു ലഭിച്ച ആ സ്വഭാവത്തിൽ നാം അംശികളാകുന്നതുകൊണ്ടും ആദം തലവനായ മനുഷ്യകുടുംബത്തിലെ അംഗങ്ങൾ നാം ആകുന്നതുകൊണ്ടും ആണ്. ജന്മപാപവും കർമ്മപാപവും തമ്മിലുള്ള വ്യത്യാസം, ഒന്നു നമ്മുടെ പ്രാകൃതിക മനസ്സാലെ പ്രവർത്തിച്ചതും മറേറതു (ജന്മപാപം) വേറൊരാളുടെ പ്രാകൃതിക മനസ്സാലെ പ്രവർത്തിച്ചതും ആണെന്നുള്ളതാകുന്നു. ജന്മപാപം ധാർമ്മികമായെ (morally) നമ്മുടെതാകുന്നുള്ളു. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ തലവനായ ആദത്തിനോടുകൂടി ചേർന്നു ഒരു ധാർമ്മികശരീരത്തെ ഉണ്ടാക്കിരീക്കുന്നതിനാൽ മാത്രമാണ് നമ്മുടെതായി തീരുന്നത്.

നമ്മുടെ കരം അന്യായമായി ഒരു സഹോദരനെ അടിക്കുന്നു എങ്കിൽ, കൈക്കു സ്വയമായ ഒരു മനസ്സില്ലെങ്കിലും അതു കുററമുള്ളതായി വിചാരിക്കപ്പെടുന്നു. ഇതു ഇതിനെ തന്നെ നോക്കീട്ടുള്ള ഒരു വിചാരമല്ല. പിന്നെയൊ ഒരു മനുഷ്യനാകുന്നതിനായി അതു ദേഹത്തിന്റെ മററുഭാഗങ്ങളോടും ആത്മാവിനോടും ചേർന്നിരിക്കയും അതിനു സംബന്ധമുള്ള ആത്മാവിന്റെ മനസ്സിനെ അംശിക്കയും ചെയ്യുന്നതിനെ നോക്കിയാകുന്നു. ഇതുപോലെതന്നെ, ദുർമ്മോഹത്താൽ മനുഷ്യൻ മനസാ പ്രവർത്തിക്കുന്ന പാപം ആ മനുഷ്യനെ മുഴുവനുംസംബന്ധിക്കുന്നു. ജനനാൽതന്നെ നമ്മിലുണ്ടാകുന്ന ജന്മപാപവിഷയത്തിൽ നമ്മുടെ സ്വമനസ്സാൽ നാം കുററക്കാരല്ല. എന്നാൽ നമ്മുടെ തലവനായ ആദത്തിന്റെ സ്വമനസ്സുകൊണ്ട് നമ്മുടെ "പ്രകൃതി„ (Nature) കുററപ്പെട്ടിരിക്കുന്നു. ആദത്തിൽനിന്നു നമുക്കു ലഭിക്കുന്ന മനുഷ്യപ്രകൃതി മൂലം നാം അദ്ദേഹത്തോടൊരുമിച്ചു ഒരു ധാർമ്മികശരീരമായിതീരുന്നു.

ജന്മപാപം "ആശാപാശം„ എന്നതിൽ ഉൾപ്പെടുന്നതല്ലെന്നുള്ളതു കത്തോലിക്കാ വിശ്വാസസത്യമായ ഒരു സംഗതിയാകുന്നു. ആശാപാശം എന്നതു മനുഷ്യാത്മാവിന്റെ ※ കീഴംശത്തിനു തിന്മയിലേക്കുള്ള ചാച്ചിൽമാത്രമാകുന്നു. പാപം എന്ന വാക്കിന്റെ അർത്ഥപ്രകാരം അതു സാക്ഷാൽ പാപം ആകണമെങ്കിൽ ധാർമ്മികത്വത്തിന്റെ അതൃത്തിയിൽപെട്ടതായിരിക്കണം. എന്നുവെച്ചാൽ അതു സ്വതന്ത്രമനസ്സിനെ ആശ്രയിച്ചിരിക്കണം. അതുകൊണ്ടാണ് "മനസ്സില്ലെങ്കിൽ പാപമില്ല" എന്നുള്ള പ്രസിദ്ധ തത്വം സാന്മാർഗ്ഗികതത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉണ്ടായിരിക്കുന്നത്. അതുകൊണ്ടു ആശാപാശം സ്വമനസ്സല്ല. അതു നമ്മുടെ കീഴംശത്തിന്റെ

---

※ പ്രകൃതീയ അഥവാ പ്രാകൃതിക മനസ്സു (Physical will) ധാർമ്മികമനസ്സും (Moral well) തമ്മിലുള്ള വ്യത്യാസം ഇങ്ങനെയാണ്. പ്രകൃതീയമനസ്സു നാം ഓരോരുത്തനു സ്വന്തമായുള്ള മനസ്സാകുന്നു. അതുകൊണ്ടു നാം പ്രവർത്തിക്കുന്നതെല്ലാം നമുക്കു സ്വന്തമായിട്ടുള്ളതാകുന്നു. ഉദാഹരണമായി ഒരുത്തൻ മറെറാരുത്തനെ സ്വമനസ്സാലെ തല്ലുകയോ കൊല്ലുകയോ ചെയ്താൽ ആ പ്രവൃത്തി അവന്റെ സ്വമനസ്സാലുള്ളതാകുന്നു. എന്നാൽ ധാർമ്മികമനസ്സു (Moral will) നമ്മുടെ സ്വന്തമനസ്സല്ല. അതു മറെറാരുത്തന്റെ മനസ്സിൻപ്രകാരം നാം പ്രവൃത്തിക്കുന്ന നമ്മുടെ മനസ്സുമാത്രമാണ്. ഉദാഹരണമായി രാജാവു ഏതുപ്രകാരം ഒരു ബാലന്റെ മനസ്സിനെ സിവിൽ സംബന്ധമായ പ്രവൃത്തികളിൽ രക്ഷകർത്താവിന്റെ മനസ്സിനോടു ചേർക്കുന്നുവോ അപ്രകാരം നമ്മുടെ മനസ്സിനോടു (gratia originalis) ആദ്യവരപ്രസാദത്തെ കാക്കയൊ നഷ്ടപ്പെടുത്തുകയൊ ചെയ്യുന്ന സംഗതിയിലും ധാർമ്മികമായി (പ്രവൃത്തിയുടെ ധർമ്മാധർമ്മ്യത സംബന്ധമായി) ചേർത്തു. പ്രവൃത്തിയുടെ ധാർമ്മികത്വം എന്നതു പ്രവൃത്തിക്കു പ്രമാണത്തോടുള്ള ചേർച്ചയോ ചേർച്ചകേടൊ ആകുന്നു. എന്നാൽ ആദന്റെ പ്രവൃത്തിയുടെ ധാർമ്മികത്വം നമുക്കു കിട്ടിയതു ദൈവം അപ്പോൾ പ്രാകൃതികമായി ഇല്ലാതിരുന്ന നമ്മുടെ മനസ്സിനെ തക്ക ന്യായം നിമിത്തം ആദത്തിന്റെ മനസ്സിനോടു ധാർമ്മികമായി ചേർത്തുകൊണ്ടാണ്.

അന്ധവും മനസ്സറിയാതുള്ളതുമായ ഒരു ചാച്ചിൽ മാത്രമാകുന്നു. അതു തിന്മയിലെയ്ക്കുള്ള ഒരു ചാച്ചിലെ ആകുന്നുള്ളു അതു കുററകരമായ ഒന്നല്ല. അതായതു്, സ്വമനസ്സാൽ സമ്മതിക്കപ്പെടാതിരിക്കയൊ ചീത്തയും വിരോധിക്കപ്പെടാത്തതുമായ തഴക്കത്താൽ പ്രബലപ്പെടുത്തപ്പെടാതിരിക്കയൊ ചെയ്യുന്നു എങ്കിൽ ആശാപാശം സ്വയമെ ഒരു പാപമല്ല.

ആശാപാശത്തെ വിശുദ്ധ വേദത്തിൽ ചിലപ്പോൾ പാപം എന്നു പറഞ്ഞിരിക്കുന്നു. (റോമ്മാ. അ. ൬. വ. ൬.) (ഗാലത്യ. അ. ൫. വ. ൨൪). എന്നാൽ വിശുദ്ധ ത്രെന്തോസ് സൂനഹദോസ് വ്യാഖ്യാനിച്ചിരിക്കുന്ന പ്രകാരം അങ്ങനെ പറഞ്ഞിരിക്കുന്നതു കൃത്യമായ അൎത്ഥത്തിലല്ല, പിന്നെയൊ വിസ്താരമായ അൎത്ഥത്തിലാകുന്നു. എന്നുവെച്ചാൽ, അതു ജന്മപാപത്തിന്റെ ഒരു ഫലമാകകൊണ്ടും കൎമ്മപാപത്തിന് ഒരു ശക്തിമത്തായ കാരണമാകകൊണ്ടും അത്രെ അങ്ങനെ പറഞ്ഞിരിക്കുന്നതു്. ജന്മപാപത്തിന്റെ കുററവും അഴുക്കും മാമ്മോദീസാ മൂലം പൂൎണ്ണമായി കഴുകിപോയിട്ടുള്ളവരിൽ, പിന്നെയും ആശാപാശം അല്ലെങ്കിൽ തിന്മയ്ക്കായിക്കൊണ്ടുള്ള ചാച്ചിൽ ശേഷിച്ചുനിൽക്കുന്നു. എന്നാൽ സൂക്ഷ്മമായി പറയുന്നതായാൽ, പാപംചെയ്വാൻ ഒരാൾ പരീക്ഷിക്കപ്പെടുന്നു അഥവാ ആകൎഷിക്കപ്പെടുന്നു എന്നുള്ളതുകൊണ്ടു മാത്രം അയാൾ പാപിയായി വിചാരിക്കപ്പെടുന്നില്ല. തിന്മയിലേക്കുള്ള ഈ അനിഷ്ടമായ ചാച്ചിൽനിമിത്തം ദൈവത്തിന്റെ കോപത്തേക്കാൾ കരുണയാണനുഭവിക്കുന്നതു്. ദൈവം നോഹിനോടു ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ മനുഷ്യന്റെ നിമിത്തം ഇനി ഒരിക്കലും ഭൂമിയെ ശപിക്കയില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ ഹൃദയത്തിലെ വിചാരം അവന്റെ ബാല്യം മുതൽക്കു തിന്മയ്ക്കു ചാഞ്ഞിരിക്കുന്നു." (സൃഷ്ടി. അ. ൮. വ. ൨൧.)

കത്തോലിക്കാസഭ പഠിപ്പിക്കുന്നതു് എന്തെന്നാൽ, ആദം തന്റെ പാപം നിമിത്തം തനിക്കു മാത്രമല്ല മനുഷ്യജാതി ഒട്ടുക്കു ദോഷത്തെച്ചെയ്തു. അതുനിമിത്തം തനിക്കു ദൈവത്തിൽനിന്നു ദാനമായി ലഭിച്ച പ്രകൃതിക്കുമേലായ നീതിയും വിശുദ്ധതയും നഷ്ടപ്പെടുകയും ആ നഷ്ടം തനിക്കുമാത്രമല്ല നമുക്കെല്ലാവൎക്കും ഉണ്ടാകയും ചെയ്തു. അനുസരണക്കേടാകുന്ന പാപംനിമിത്തം താൻ കുററക്കാരനായതുകൊണ്ടു് സകല മനുഷ്യജാതിക്കും മരണവും മററു കായിക വേദനകളും ക്ഷീണവും മാത്രമല്ല, ആത്മാവിന്റെ മരണമായ പാപവും വരുവാനിടയായി.

ത്രെന്തോസ് സൂനഹദോസിന്റെ ബോധനം (൫-ാം കൂടിയാലോചന) വി. പൌലോസിന്റെ ഈ വാക്കുകളാൽ സ്ഥിരീകരിക്കപ്പെടുന്നു. "അതുകൊണ്ടു് ഒരു ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പ്രവേശിച്ചതുകൊണ്ടു് എല്ലാവരും പാപം ചെയ്കയും മരണം എല്ലാവരിലും വ്യാപിക്കയും ചെയ്തു". (റോമ്മാ. ൫. അ. ൧൨ വാ.)

രാജസങ്കീൎത്തനക്കാരൻ (വിശുദ്ധ ദാവീദു നിവ്യാ) ഇപ്രകാരം പറയുന്നു: (സങ്കീൎത്തനം ൫൧. വാ. ൬.) "പാപത്തിൽ ഞാൻ ഉത്ഭവിച്ചു, പാപങ്ങളിൽ എന്റെ മാതാവു് എന്നെ ഗൎഭം ധരിക്കയും ചെയ്തു." ܒܚܛܗܐ ܝܠܕܬܢܝ ܐܡܝ ഈ വാക്യത്തെപ്പററി വി. ആഗുസ്തീനോസു മല്പാൻ ഇപ്രകാരം പറയുന്നു:— "നീതിമാനായ ഈശയിൽനിന്നും അവന്റെ ഭാൎയ്യയിൽനിന്നും ജനിച്ചതാകയാൽ ദാവീദു വ്യഭിചാരത്തിൽ ജനിച്ചവനല്ല. പാപം ആദത്തിൽനിന്നു ഉത്ഭവിച്ചതല്ലെങ്കിൽ, താൻ പാപത്തിൽ ഉത്ഭവിച്ചെന്നു ആയാൾ എങ്ങനെ പറയും? വി. ആഗുസ്തീനോസ്, പെലാജിയൂസ് എന്നവനോടു പറഞ്ഞതായി താഴെ പകൎത്തുന്നതിൽനിന്നു് പ്രാചീന ക്രിസ്ത്യാനികൾ ജന്മപാപത്തിൽ വിശ്വസിച്ചിരുന്നെന്നു് അനുമാനിക്കാവുന്നതാണു്. "പ്രാചീനകാലം മുതൽക്കുതന്നെ കത്തോലിക്കാസഭ വിശ്വസിച്ചുപോരുന്ന ജന്മപാപത്തെ ഞാൻ നിൎമ്മിച്ചതല്ല. അതിനെ നിഷേധിക്കുന്ന നീ സംശയംകൂടാതെ ഒരു പുതിയ മതദ്വേഷി(ഇടത്തുട്ടുകാരൻ)ആകുന്നു" ഈവിശ്വാസം മനുഷ്യജാതിയോളം തന്നെ പഴക്കമുള്ളതാണെന്നു പറയേണ്ടതാണു്. ഈ പ്രാചീന പാരമ്പൎയ്യത്തിന്റെ ലാഞ്ചനം (ലക്ഷ്യം) സകല ജനസമുദായങ്ങളിലും പരന്നിരിക്കുന്നു. 'വാൾട്ടർ' എന്നവൻകൂടിയും "മനുഷ്യന്റെ വീഴ്ച മിക്ക പ്രാചീന ജാതിക്കാരുടെയും ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനമാകുന്നു" എന്നു സമ്മതിച്ചിട്ടുള്ളതാകുന്നു.

നാം ജനിക്കുമ്പോൾ ഉള്ള പാപാവസ്ഥയായ ജന്മപാപം എന്ന കുററത്തിനു പുറമെ,

(എന്തുകൊണ്ടെന്നാൽ നമ്മുടെ മനുഷ്യപ്രകൃതി ആദത്തോടുകൂടെ ജന്മനീതിയെ ഉപേക്ഷിച്ചു കളഞ്ഞുവെന്നു ന്യായമായി വിചാരിക്കപ്പെട്ടിരിക്കുന്നു) മനുഷ്യാത്മാവിൽ ചിന്തപ്പെട്ടിരുന്ന പ്രകൃതിക്കു മേലായ ശോഭ നഷ്ടപ്പെടാനിടയാക്കിയ ജന്മപാപത്തിന്റെ അഴുക്കുകൂടി മനുഷ്യനിൽ ഉണ്ട്. നാം ജന്മനീതിയുടെ അവസ്ഥയിൽ ജനിച്ചിരുന്നു എങ്കിൽ ഈ പ്രകൃതിക്കു മേലായ ശോഭ നമുക്കെല്ലാവർക്കും ഉണ്ടാകുമായിരുന്നു.

ആദത്തിന്റെ പാപത്താലുണ്ടായ ആപത്തു നീക്കാൻ ആദത്തിനൊ അയാളുടെ സന്തതികൾക്കൊ നിവൃത്തി ഇല്ലാഞ്ഞതിനാൽ ദൈവം തന്റെ അനന്തമായ കരുണ നിമിത്തം നമുക്കു ഒരു രക്ഷകനെ നൽകിയില്ലെങ്കിൽ;· നാം ജനിച്ച ജന്മപാപത്തിലും നികൃഷ്ടാവസ്ഥയിലും എന്നും ഇരിക്കുന്നതിനും സ്വർഗ്ഗത്തിലെ പരമാനന്ദപ്രദമായ ദൈവദാനത്തിൽനിന്ന് എന്നേക്കും മുടക്കപ്പെടുന്നതിനും നമുക്കു ഇടയാകുമായിരുന്നു.

## നാലാം അദ്ധ്യായം.

## പുത്രനായ ദൈവത്തിന്റെ അവതാരം.

ഈ മഹാ രഹസ്യത്തെ സംബന്ധിച്ച്, നമുക്കു ഒരു രക്ഷകനെ നൽകണമെന്നു വിശുദ്ധ ത്രിത്വം അനന്തമായ കരുണനിമിത്തം തീർച്ചയാക്കിയെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ഈ രക്ഷകൻ മനുഷ്യജാതിയിലുൾപ്പെട്ട ഒരുത്തനായി, കഷ്ടത അനുഭവിക്കണമെന്നും എങ്കിലും തന്റെ കഷ്ടാനുഭവങ്ങൾക്കു അതിരററതായ വില ഉണ്ടാകണമെന്നും ആയിരുന്നു വിശുദ്ധ ത്രിത്വത്തിന്റെ നിശ്ചയം. എന്തുകൊണ്ടെന്നാൽ പാപം ദൈവത്തിന്റെ അനന്ത മഹത്വത്തിനു വിരോധമായ ഒരു കുററമാകയാൽ അനന്തമായ വിലയോടുകൂടിയ പരിഹാരത്താൽ മാത്രമെ അതു നീക്കിക്കളയാൻ പാടുള്ളു. ഇതു സാധിക്കുന്നതിനായി, വിശുദ്ധ ത്രിത്വത്തിന്റെ രണ്ടാമത്തെ ആളും നിത്യവചനവും ആയ പുത്രനായ ദൈവം തന്റെ മാതാവായിരിക്കാൻ നസ്രേത്തിലെ ഭാഗ്യപ്പെട്ട കന്യകമറിയത്തെ തെരഞ്ഞെടുക്കയും അവരുടെ അനുവാദം കിട്ടിയശേഷം റൂഹാദക്കുദശായുടെ അത്ഭുതമായ പ്രവൃത്തിമൂലം ആ സ്ത്രീയിൽനിന്നു മനുഷ്യമാംസത്തെ എടുത്തു മനുഷ്യനാകയും ചെയ്തു. തന്റെ തിരുനാമം ഈശോ മ്ശിഹാ എന്നാകുന്നു. മനുഷ്യനായപ്പോൾ നിത്യവചനം തന്റെ ദിവ്യസ്വഭാവത്തെ വിട്ടുകളഞ്ഞില്ല പിന്നെയൊ, നിത്യകാലംമുതൽക്കുള്ള തന്റെ ദിവ്യസ്വഭാവത്തെ അശേഷം മാററാതെയും മാനുഷിക ആളിനെ കൂടാതെയും (ഇല്ലാതെയും) മനുഷ്യസ്വഭാവത്തെ തന്നെത്താൻ സ്വീകരിക്കയാണു ചെയ്തത്. അതുകൊണ്ടു, തന്റെ അവതാരത്തിന്റെ ആദ്യക്ഷണംമുതൽക്കു പുത്രനായ ദൈവത്തിന്റെ ദിവ്യ ആളിൽ ഒരു സ്വഭാവംമാത്രമല്ല, ദിവ്യവും മാനുഷികവും ആയ രണ്ടു സ്വഭാവങ്ങളും എന്നും കൂടി യോജിച്ചിരുന്നതും ഇരിക്കുന്നതുമാണ്. ഈശോ മ്ശിഹായുടെ ദൈവ സ്വഭാവം തന്റെ നിത്യപിതാവിന്റെയും റൂഹാദക്കുദശായുടെയും പോലെ അതേ ദിവ്യസ്വഭാവംതന്നെയാണ്. നമ്മുടെ പാപവും പാപത്തിനുള്ള ചാച്ചിലും ഒഴിച്ചാൽ, തന്റെ മനുഷ്യസ്വഭാവം എല്ലാ സംഗതികളിലും നമ്മുടെ സ്വഭാവത്തെപ്പോലെ തന്നെയാണ്. ദൈവത്വത്തിൽ താൻ പിതാവിനു സമമുള്ളവനും മനുഷ്യത്വത്തിൽ പിതാവിനേക്കാൾ കുറഞ്ഞവനുമാകുന്നു.

നമ്മുടെ കർത്താവായ ഈശോ മ്ശിഹാ ഗാഗുൽത്താ മലയിൽ തന്റെ മനുഷ്യസ്വഭാവത്തിൽ കഷ്ടതയനുഭവിക്കയും മരിക്കയും ചെയ്തു. ഈ വിധം, താൻ ചെയ്ത പരിഹാരം മൂലം തന്റെ നിത്യപിതാവും മനുഷ്യഗണവും തമ്മിൽ സഫലമായ മദ്ധ്യസ്ഥത വഹിക്കയും ഇങ്ങനെ പൂർണ്ണമായ പാപമോചനം ഉണ്ടാക്കി ലോകം ഒട്ടുക്കുള്ള പാപങ്ങൾക്കുവേണ്ടി പൂർണ്ണപ്രതിഫലം നിത്യനീതിക്കു സമർപ്പിക്കയും ചെയ്തു. (തുടരും)

!ട്ട .2 .ഥ

---

## മാർപ്പാപ്പാ തിരുമനസ്സിലെ അനുമോദനസന്ദേശം

നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തി ആഘോഷാവസരത്തിൽ, മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് മഹാരാജാവു തിരുമനസ്സിലേക്കയച്ചിട്ടുള്ള സ്വഹസ്തലിഖിതമായ അനുമോദന സന്ദേശത്തിന്റെ ഒരു തർജ്ജമ 'കുസുമ' വായ

നക്കാരുടെ അവലോകനത്തിന്നുവേണ്ടി താഴെ ഉദ്ധരിക്കുന്നു.

തിരുവിതാംകൂർ രാമവർമ്മ മഹാരാജാവു തിരുമനസ്സിലേയ്ക്കു— പ്രഖ്യാതനായ രാജാവേ! പതിനഞ്ചാം ബനദിക്തോസ് പാപ്പാ അങ്ങേയ്ക്കു ആരോഗ്യത്തേയും ശ്രേയസ്സിനേയും ആശംസിക്കുന്നു. അങ്ങേ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം ആസന്നമായിരിക്കുന്നുവെന്നു നമുക്ക് അറിവു കിട്ടിയിരിക്കകൊണ്ട്, ഈ ശുഭാവസരത്തിൽ അങ്ങേ പ്രജകൾക്കുള്ള സന്തോഷത്തിൽ നാമും പങ്കുകൊള്ളുന്നതു വിഹിതമായി കരുതുന്നു. നമ്മുടെ വന്ദ്യ സഹോദരനും ആ ദേശങ്ങളിൽ ദീർഘകാലം ദല്ഗാദപ്പൊസ്തോലിക്കാ ആയിരുന്നിട്ടുള്ള ദേഹവുമായ ലഡിസ്ലാസ് സലെസ്സി പാത്രിയക്കീസവർകൾ, അങ്ങേ മറ്റു പ്രശംസകളുടെ ശേഖരത്തിൽ, അവിടത്തെ രാജ്യവാസികളായ കത്തോലിക്കരുടെ നേരെ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന വിപുലമായ നീതിയേയും കരുണയേയും കുറിച്ചും നമ്മെ ബോധപ്പെടുത്തീട്ടുള്ളതാകുന്നു. അതിനാൽ അങ്ങേക്കു വളരെ നന്ദി പറകയും കത്തോലിക്കരേക്കാൾ ഗുണവാന്മാരും രാജഭക്തന്മാരും ആയ പ്രജകൾ അങ്ങേക്കു ഇല്ലെന്നും ഇനി ഒരിക്കലും ഉണ്ടാകയില്ലെന്നും ഉറപ്പു പറകയും ചെയ്യുന്നു. ഇവർ ഈ സ്ഥിതിയിൽത്തന്നെ നില്ക്കണമെന്നുള്ള നമ്മുടെ ഉപദേശം സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. എന്നാൽ നമ്മെ പ്രത്യേകമായി സന്തോഷിപ്പിക്കുന്നതു് മെത്രാന്മാരുടെ അധികാരത്തെ പാലിക്കുന്നതിൽ അവിടുന്ന് ഉൽസുകനായിരിക്കുന്നു എന്നുള്ള അറിവാണ്. വാസ്തവത്തിൽ ഇതു് അങ്ങേ ജ്ഞാനത്തെ പ്രസ്പഷ്ടമാക്കുന്നുണ്ട്. എന്തെന്നാൽ വൈദികാധികാരത്തോടുള്ള വിദ്വേഷം ലൌകികാധികാരത്തെ പാടെ മറിക്കുന്നതിന് എത്രത്തോളം പര്യാപ്തമാകുന്നുവോ, അത്രത്തോളം തന്നെ മതം രാജ്യത്തിൻെറ ഏററവും ബലിഷ്ഠമായ സംരക്ഷണമാകുന്നു. കത്തോലിക്കാ മെത്രാന്മാരോടും ജനങ്ങളോടും അവിടുന്നു വേണ്ട അനുഭാവം പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതെങ്കിലും, അങ്ങേ കരുണ അവരുടെമേൽ മേലാല്പം ഉണ്ടാകുന്നതിന്ന് അവർക്കുവേണ്ടി നാം ശുപാർശചെയ്യുന്നു. വിശിഷ്ടമായ സകലത്തേയും ആശംസിച്ചുകൊണ്ട്, അവിടുത്തേക്കും രാജകുടുംബത്തിനും ദീർഘായുസ്സും ശ്രേയസ്സുകളും ആശിസ്സുകളും നൽകുന്നതിനായി സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

നമ്മുടെ ഭരണത്തിൻെറ മൂന്നാമാണ്ടിൽ,

൧൫-ാം ബനദിക്തോസ് പാപ്പാ
(ഒപ്പ്)

൧൯൧൭ ജൂലൈ ൧൦-, }
സെൻറ് പീറേറർസ്, }
റോമാ.

---

## എനിക്കു ഒന്നേയുള്ളൂ.

൧. എൻെറ ഏക ആഗ്രഹം, ഈശോയെ സ്നേഹിക്കുക.

൨. എൻെറ ഏകഭയം, ഈശോയെ ഉപേക്ഷിക്കുമോയെന്ന്.

൩. എൻെറ ഏകാവലംബം ഈശോ.

൪. എൻെറ ഏക ഭവനം, ഈശോയുടെ തിരുമുറിവുകൾ.

൫. എൻെറ ഏകജോലി, ഈശോയുമായുള്ള സംഭാഷണം.

൬. എൻെറ ഏകോദ്യോഗം, ഈശോയുടെ തിരുമനസ്സിനെ നിറവേററുക.

൭. എൻെറ ഏക സന്തോഷം, ഈശോയെ അനുഭവിക്കുക.

൮. എൻെറ ഏകശരണം, ഈശോയെ കാണുക.

൯. എൻെറ ഏകദുഃഖം, ഈശോയോടുള്ള സഹതാപം.

൧൦. എൻെറ ഏക സാക്ഷി, ഈശോയുടെ നയനങ്ങൾ.

൧൧. എൻെറ ഏക ബഹുമാനം, ഈശോയെപ്രതിയുള്ള നിന്ദ.

൧൨. എൻെറ ഏകാശ്വാസം, ഈശോയെക്കുറിച്ചു പീഡയനുഭവിക്കുക.

൧൩. എൻെറ ഏക വിശ്രമം, ഈശോയെക്കുറിച്ചു് അദ്ധ്വാനിക്കുക.

൧൪. എൻെറ ഏകാശ്രയം, ഈശോയുടെ ഹൃദയം. സി. സി.



## തിരുഹൃദയ ഭക്തന്മാർ

### ൧൦൯൫ വൃശ്ചികമാസത്തിൽ വെക്കേണ്ട നിയോഗം.

### വൊതുക്കരുതൽ.

---

ചൈനാക്കാരുടെ മാനസാന്തരം.

ആൾപ്പെരുപ്പംകൊണ്ടു മുന്നണിയിൽ നിൽക്കുന്ന ഒരു രാജ്യമാണു ചൈനാ. ൪൦ കോടിയിലധികം ജനങ്ങളവിടെയുണ്ടെന്നു കാണുന്നു. ഇതു ഭൂമുഖത്തുള്ള ജനങ്ങളുടെ ആകത്തുകയിൽ ഉദ്ദേശം മൂന്നിലൊരുഭാഗം വരും. എന്നാൽ അവിടെയുള്ള കത്തോലിക്ക ജനസംഖ്യയോ എത്ര തുച്ഛം! കത്തോലിക്കർ കഷ്ടിച്ചു ൧൯ ലക്ഷം മാത്രമെയുള്ളു. ഇതിൽനിന്നു് ഇനിയുംമതപരിവൎത്തനംചെയ്യാത്തവരായി ൩൯൮ കോടിയിൽപരം ആളുകളാണ് അവിടെയുള്ളതെന്നു കാണാമല്ലൊ. ഇത്രയേറെ ജനം മ്ശിഹായുടെ കഷ്ടാനുഭവത്തിൻെറ ഫലം അനുഭവിക്കാതെ നശിച്ചുപോകുവാൻ ഇടയാകുന്നതു് ഒരു കത്തോലിക്കമതാഭിമാനിക്കൊ, ആത്മീയ രക്ഷയെപ്പററി അല്പമെങ്കിലും ശുഷ്കാന്തിയുള്ള ഒരാൾക്കൊ എത്ര മൎമ്മഭേദകമായിരിക്കും? ഏതാനും കൊല്ലങ്ങൾക്കു മുമ്പു ചൈനായിലുണ്ടായ ഭരണപരിവൎത്തനത്തിൻെറശേഷം കത്തോലിക്കാ മതത്തോടു പ്രത്യേക ബഹുമാനവും പൂജ്യതയും അവിടെയുള്ള ഭരണകൎത്താക്കളിലും ഭരണീയന്മാരിലും ഉണ്ടായിത്തുടങ്ങിയിട്ടുണ്ടു്. എന്നാൽ അവിടെയുള്ള മാനസാന്തരം യുദ്ധം തുടങ്ങിയതിൻെറ ശേഷം ഒന്നിനൊന്നു കുറഞ്ഞുകൊണ്ടു ഇരിക്കുന്നു. മതപ്രചാരണത്തിന്നായി ഉദ്യമിച്ചിരുന്ന വൈദികരിൽ പലരേയും യൂറോപ്പിലേക്കു തിരികെ വിളിച്ചതാണ് ഇതിന്നു കാരണം. പോരെങ്കിൽ പ്രോട്ടസ്റ്റൻറുകാരുടെ ശ്രമവും ഇവിടെ ഒട്ടും ചില്ലറയല്ല. യൂറോപ്പിൽനിന്നു ലഭിച്ചിരുന്ന ധനസഹായവും നിന്നുപോയിരിക്കുന്നു. ഈ കാരണങ്ങളാൽ ഇതുവരെ നടന്ന വിധത്തിൽപോലും വേദം പരത്തുവാൻ മേലിൽ സാധിക്കുകയില്ലെന്നു വന്നിരിക്കുന്നു. "കൊയിത്തു് അധികം, വേലക്കാരാവട്ടെ ചുരുങ്ങും" എന്നുള്ള വേദവാക്യം ചൈനായെ സംബന്ധിച്ചിടത്തോളം എത്ര സാൎത്ഥകമായിരിക്കുന്നു. ആകയാൽ ചൈനായിൽ കത്തോലിക്കാ മതത്തിന്നു നല്ല പ്രചാരം സിദ്ധിക്കുന്നതിന്നായി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

---

'രങ്കനായകോനി' മട്ടു.

നാട്ടരൂപകം.

രക്ഷനാഥനാകുമെൻെറ ദിവ്യഈശോയെ
(ണെ.
ശിക്ഷയ്ക്കൎഹൻ പാപിയെന്നിൽ കനിവുതോന്ന
വൈരിമൂവർ ഘോരയുദ്ധം രാപകലെന്നോ-
ടരിശമോടുചെയ്യുന്നേററം രക്ഷിച്ചീടണേ.
ശക്തിഹീനൻ നീചപ്പാപി അങ്ങിലല്പവും
ഭക്തിയുമില്ലാത്തൊരെന്നിൽ ദയവുണ്ടാകണേ.
ഇന്ദ്രിയങ്ങളേകിടും ദുരാഗ്രഹമിൻപം
തന്ദ്രികോപമാദിനീക്കിക്കാത്തിടേണമെ.
തിന്മയൊക്കെനീക്കിയങ്ങെക്കിഷ്ടമേറുന്ന
നന്മയെല്ലാമേകിയെന്നെ പാലിച്ചീടണെ.
പൊറുക്കണേയെൻപാപങ്ങളേനന്ദികേടുകൾ
മറക്കണേ നീ തിന്മയെല്ലാം മായിച്ചീടണേ.
മന്നിൽകൊണ്ടുവന്ന വഹ്നിനല്ലപോൽകത്തി-
ച്ചെന്നിലുള്ള ദുൎഗ്ഗുണങ്ങൾ ചുട്ടെരിയ്ക്കണെ.
എന്നും നല്ല യൌവനമാമെൻ ദുരാശക-
ളൊന്നും ശേഷിക്കാതശേഷം ഭസ്മമാക്കണെ.
നിന്നെവന്ദിച്ചാരാധിച്ചു സ്നേഹിച്ചീടുവാൻ
എന്നെ നല്ലപോലെങ്ങിന്നു പഠിപ്പിച്ചീടണെ.
ബാവായിക്കും പുത്രനും റൂഹായിക്കുമെന്നും
ഭവാകെയുണ്ടാകട്ടിന്നുമെപ്പോഴും സ്തുതി.

K. J. T.

## ലോകവർത്തമാനച്ചുരുക്കം.

ഇത്താലിയൻസൈന്യത്തിൽ പതിനെണ്ണായിരം പട്ടക്കാർ ഉണ്ടെന്നു കാണുന്നു. ഇവരിൽ പതിനേഴായിരവും പടയാളികളാണ്. കപ്പ്ലാന്മാരായി ആയിരംപേർ മാത്രമേയുള്ളു. ഇവരുടെ തലവനായി ഒരു മെത്രാനെ നിയമിച്ചിട്ടുണ്ട്. ഇദ്ദേഹത്തിനു ഒരു ബ്രിഗേഡിയർ ജനറാളിന്റെ സ്ഥാനം കൊടുത്തിരിക്കുന്നു. കപ്പ്ലാന്മാരിൽ ൩൭ പേർക്കു പരുക്കേൽക്കുകയും ൨൨ പേർ പടക്കളത്തിൽവച്ചു കൊല്ലപ്പെടുകയും ൨൨൦ പേർക്കു കീർത്തിമുദ്ര ലഭിക്കുകയും ചെയ്തിട്ടുണ്ട്.

'റോമയിലേക്കുള്ള പിന്തിരിവു' എന്ന പേരോടുകൂടി ലണ്ടനിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലായി ഇംഗ്ലണ്ടിലും അയർലാണ്ടിലും മാനസാന്തരപ്പെട്ടിട്ടുള്ളവരും ജ്ഞാനംകൊണ്ടും സ്ഥാനംകൊണ്ടും മികച്ചുനില്ക്കുന്നവരുമായ അനവധി ആളുകളെപ്പററി ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന വിവരണം ശ്രദ്ധേയവും രസാവഹവുമായിരിക്കുന്നു. ആംഗ്ലിക്കൻ സഭയിൽ നിന്നുതന്നെ മാനസാന്തരപ്പെട്ട വൈദികരുടെ സംഖ്യ ൭൦൨-ൽ കൂടുതലാണ്. സ്കോട്ടലാണ്ടിലേയും അയർലാണ്ടിലേയും എപ്പിസ്കോപ്പൽ സഭയിൽനിന്നു യഥാക്രമം ൨൬-ം ൧൨-ം, നോൺകോൺഫോർമിസ്റ്റ് സഭയിൽ നിന്നു ൧൨-ം വൈദികർ കത്തോലിക്കാസഭയിൽ ചേന്നിട്ടുണ്ട്. അൽമേനികളുടെ ഇടയിൽനിന്നു പല പദവിയിൽ ഉള്ള ഉന്നതവംശക്കാരായി തന്നെ, സ്ത്രീപുരുഷന്മാരുൾപ്പെടെ സത്യസഭയിൽ ചേന്നിട്ടുള്ളവർ അഞ്ഞൂററെഴുപത്തേഴ ആണ്. മുന്നൂറെറഴുപതാണ് സൈനിക ഉദ്യോഗസ്ഥന്മാരുടെ സംഖ്യ. സർവ്വകലാശാലാ ബിരുദധാരികളിൽ ഓക്സഫോർഡിൽ നിന്നു ൭൬൩-ം കെയിംബ്രിഡ്ജിൽ നിന്നു ൩൪൮-ം ഡർഹാമിൽനിന്നു ൨൪-ം ട്രിനിററികോളജിൽനിന്നു ൩൭൩-ം ആളുകളാണു മാനസാന്തരപ്പെട്ടതു്. ഈ മതപരിവർത്തനക്കാരിൽ ൩൧൨-ൽ പരം ആളുകൾ കത്തോലിക്കാ പുരോഹിതന്മാരായിരിക്കുന്നു. ഇവരിൽ നൂറുപേർ ഈശോസഭയിലാണ് ചേന്നിട്ടുള്ളതു്.

മാർപ്പാപ്പാ തിരുമേനിയുടെ സമാധാനസന്ദേശം ബ്രിട്ടീഷ്കാർക്കു പൊതുവിൽ ആക്ഷേപകരമായിരിക്കുന്നു എന്നു ഘോഷിച്ചുകൊണ്ടു്, ഇംഗ്ലണ്ടിൽ 'ദി യൂനൈറേറഡ് പ്രോട്ടസ്റ്റണ്ടു സൊസയിററി' എന്ന നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഒരു സംഘക്കാർ, വത്തിക്കാനിലുള്ള ബ്രിട്ടീഷ് പ്രതിനിധിയെ തിരികെ വിളിക്കേണ്ടതാണെന്നു കാണിച്ചുകൊണ്ടു പല ഹർജികളും ഗവമ്മേണ്ടിലേക്കയക്കുകയുണ്ടായി. ഇവരുടെ ഈ ശ്രമവും, മുമ്പേത്തതുപോലെ വിഫലമായതേയുള്ളു. ബ്രിട്ടീഷ്കാരുടെ പ്രാതിനിധ്യം വഹിക്കുന്ന ഒരു മന്ത്രി വത്തിക്കാനിൽ ആവശ്യമാണെന്നു തീർച്ചപ്പെടുത്തിയപ്പോളും ഈ സംഘക്കാർ പ്രതിഷേധയോഗം കൂടി ഹർജികളും മററും അയക്കുകയുണ്ടായി.

൫൩ ശത്രുവിമാനങ്ങളെ നിലത്തു പതിപ്പിച്ചിട്ടുള്ള ഗൂയിനമർ എന്നപ്രസിദ്ധപ്പെട്ട വിമാനചാരി ഫ്രാൻസിനുവേണ്ടി ജീവനെ ബലി കഴിച്ചിരിക്കുന്നു. ഒരു വക്കീലിന്റെ പുത്രനും ൨൩ വയസ്സുമാത്രം പ്രായമുള്ളവനുമായ ഈ യോധാവു് ഒരുത്തമകത്തോലിക്കനായിരുന്നു. ഇദ്ദേഹത്തിനു ലഭിച്ചിട്ടുള്ള അനവധിസ്ഥാനമുദ്രകളെപ്പററി വിസ്മയിച്ചുകൊണ്ടുനിന്നിരുന്ന ഒരു മാന്യസ്ത്രീയോടു ഈ വിമാനസഞ്ചാരി പറഞ്ഞതിങ്ങനെയാണ്. "ഒരു കീർത്തിമുദ്രകൂടി ലഭിക്കാനുണ്ടു്. അതു ഒരു മരക്കുരിശാണ്. ഏററവും പ്രധാനപ്പെട്ടതും ഇതു തന്നെ." തന്റെ ശവക്കുടീരത്തെ ലക്ഷ്യപ്പെടുത്തുന്ന ഈ സ്ഥാനചിഹ്നവും അദ്ദേഹത്തിനു ലഭിക്കാതിരുന്നില്ല.

ലണ്ടൻപട്ടണത്തിലെ മെയിർ ആയ സർ വില്യംഡൺ അവർകളുടെ ഉദ്യോഗം ഈ മാസത്തിൽ അവസാനിക്കുന്നതാണ്. ഒരുത്തമകത്തോലിക്കനും ലണ്ടനിലെ കത്തോലിക്കരുടെ അഭിവൃദ്ധിക്കായി വളരെ പ്രയത്നിച്ചുകൊണ്ടിരിക്കുന്നവനുമാണ് ഇദ്ദേഹം. ലണ്ടനിലെ മെ

യർസ്ഥാനം കത്തോലിക്കക്കു ലഭിക്കുന്നതു വളരെ ദുർല്ലഭമാണ്.

പ്രഞ്ചു പട്ടാളത്തിൽ ഇരുപത്തയ്യായിരം വൈദികർ ഉണ്ടെന്നു കാണുന്നു. ഇവരിൽ രണ്ടായിരംപേർ മൃതിപ്പെടുകയുണ്ടായി.

ഇപ്പോഴത്തെ ഇററാലിയൻ മഹാരാജാവിൻെറ പിതാമഹനായ വിക്ടർ എമ്മാനുവേലും അദ്ദേഹത്തിൻെറ സൈന്യാധിപൻ കഡോർണായുംകൂടി മാർപ്പാപ്പായുടെ രാജ്യങ്ങൾ കൈവശപ്പെടുത്തി റോമായിൽ പ്രവേശിച്ചതു് ൧൮൭൦ സെപ്ററംബർ ൨൦–നു ആയിരുന്നു. അക്കാലംമുതൽ തിരുസഭാവൈരികൾ സെപ്ററംബർ ൨൦–നു ഒരു വിശേഷദിവസമായി കൊണ്ടാടുക പതിവാണ്. നാഥാൻ എന്ന യഹൂദൻ റോമായിലെ മുൻസിപ്പാൽ സഭാദ്ധ്യക്ഷനായിരുന്നപ്പോൾ ഈ ദിവസത്തിൽ പരിശുദ്ധ സിംഹാസനത്തെ കഠിനമായി ആക്ഷേപിച്ചുള്ള പ്രസംഗങ്ങൾകൂടി നടത്തിയിരുന്നു. കാലക്രമത്തിലുണ്ടാകാവുന്ന മാററങ്ങൾ എത്ര അധികമെന്നു മനസ്സിലാക്കാൻ കഴിഞ്ഞ സെപ്ററംബർ ൨൦–ാംനു-യിലത്തെ ആഘോഷം നല്ല തെളിവായിരുന്നു. ഘോഷയാത്രകൾ പതിവുപോലെ നടത്തപ്പെട്ടു എങ്കിലും പരിശുദ്ധ സിംഹാസനത്തെപ്പററി ആരും ശബ്ദിക്കയുണ്ടായില്ല. ൧൮൭൦–ൽ റോമാനഗരത്തെ ആക്രമിച്ച ജനറൽ കഡോർണായുടെ രണ്ടു പൌത്രികൾ മാർപ്പാപ്പായുടെ എത്രയും അനുസരണമുള്ള മക്കളായി കന്യകാമഠങ്ങളിൽ താമസിക്കുന്നു. മൂന്നാമത്തെ മകൾ താമസിയാതെ കന്യാസ്ത്രീയാകുന്നതുമാണ്.

വത്തിക്കാനിലെ സ്ഥാനപതിയായി റഷ്യൻ ഗവൎമ്മെണ്ടു നിയമിച്ചയച്ച മിസ്റ്റർ അലക്ക്സാണ്ടർ ലിസ്സാക്കോൻവസ്കി ഈയിടെ പരിശുദ്ധ പിതാവിനാൽ സ്വീകരിക്കപ്പെട്ട വൎത്തമാനം ചില പ്രത്യേക കാരണങ്ങളാൽ ശ്രദ്ധേയമാണ്. റഷ്യാചക്രവൎത്തിയെ സ്ഥാനഭ്രഷ്ടനാക്കുന്നതിനു മുമ്പ്, പരിശുദ്ധ സിംഹാസനവും ആ ചക്രവൎത്തിയും തമ്മിൽ അല്പം നീരസമുണ്ടായിരുന്നു. അതിനാൽ വത്തിക്കാനിലെ സ്ഥാനപതിയുടെ ഉദ്യോഗം ഒഴിവായതിൻെറശേഷം ഉടനെ ആരെയും ആ സ്ഥാനത്തിൽ നിയമിക്കുകയുണ്ടായില്ല. അതിൽപിന്നെ ആദ്യമായിട്ടാണ് റഷ്യാ ഇപ്പോൾ ഒരു സ്ഥാനപതിയെ നിയമിച്ചിരിക്കുന്നതു്. ഇദ്ദേഹത്തെ വളരെ ബഹുമാനാദരങ്ങളോടുകൂടിയാണ് പരിശുദ്ധ പിതാവു് സ്വീകരിച്ചതെന്നു കാണുന്നു.

ഇംഗ്ലണ്ടിൽ മാൻചസ്റ്ററിലെ ആംഗ്ലിക്കൻ മെത്രാൻെറ കനിഷ്ഠപുത്രനായ റവറണ്ടു റൊനാൽഡ് എ. നോക്സ അവർകൾ കത്തോലിക്കാസഭയിൽ ചേൎന്നിരിക്കുന്നു. ദൃഢവ്യുല്പന്നനായ ഇദ്ദേഹം ട്രിനിററികോളജിലെ ഒരു ഫെലോയും ആ കോളജിലെ ചാപ്ലനുമായിരുന്നു. 1910–ലാണു ഇദ്ദേഹം ഒരു ആംഗ്ലിക്കൻ വൈദികനായതു്. ഇക്കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങളായി ഇദ്ദേഹത്തിൻെറ ലേഖനങ്ങളിൽ റോമ്മായിലേക്കുള്ള ഒരു ചാച്ചിൽ സൎവ്വത്ര സ്ഫുരിച്ചിരുന്നു. കാൻറർബറിയിലെ മെത്രാപ്പോലീത്തായുടെ പുത്രനായിരുന്ന മോൺസിഞ്ഞോർ ബെൻസൻ അവർകളുടെ മാനസാന്തരമാണു ഈ സന്ദൎഭത്തിൽ ആദ്യമായി ഓൎമ്മയിൽ വരുന്നതു്.

ഫ്രാൻസിലും ഇററലിയിലുമുള്ള വൈദികന്മാരെ യുദ്ധനിയമത്തിൽ നിന്നും ഒഴിച്ചിട്ടില്ലല്ലോ. ഈയിടെ ഇംഗ്ലണ്ടിലുണ്ടായ ഒരു ഹൈക്കോർട്ടു വിധിയിൽ യുദ്ധനിയമം പാസാക്കപ്പെട്ടതിൻെറ ശേഷം വൈദികവൃത്തിയെ സ്വീകരിച്ചിട്ടുള്ളവരെ പ്രസ്തുത നിയമത്തിൽ നിന്നും ഒഴിക്കുന്നതല്ലാ എന്നു പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു ഈ യുദ്ധം കുറെക്കൊല്ലത്തേക്കുകൂടി നീണ്ടുനിൽക്കുന്നതായാൽ ഇംഗ്ലണ്ടിലെ വൈദികന്മാരിൽ അധികപങ്കം ഭടന്മാരായി തീരുന്നതാണ്. ഇംഗ്ലണ്ടിൽ കത്തോലിക്കജനങ്ങൾക്കു വേണ്ടപോലെ മതശുശ്രൂഷ ചെയ്യാനും മാത്രം പട്ടക്കാർ അവിടെ ഉണ്ടെന്നു പറഞ്ഞുകൂടാ. ആ സ്ഥിതിക്കു ഈ നിയമം ഊൎജ്ജിതപ്പെട്ടാൽ, കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ ശരിയായി നടക്കാതെ വന്നേക്കാം.